**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024 -ലെ യോഗത്തിന്റെ നടപടി വിവരം**

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 2 | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023, 26.10.2023, 14.11.2023 22.01.2024, 06.03.2024, 06.06.2024, 13.08.2024 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 1 |
| 2.1 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 1 |
| 4.13 | കോട്ടയം നഗരസഭ | 1 |
| **2.2** | കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 3 |
| 3.2 | ആംബുലൻസ് | 3 |
| 4.7 | കായംകുളം നഗരസഭ | 5 |
| 4.18 | വട്ടവട ഗ്രാമപഞ്ചായത്ത് | 6 |
| 2.3 | കോഓർഡിനേഷൻ 14.11.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 7 |
| 3.5 | ഇലക്ട്രിക് സ്കൂട്ടർ | 7 |
| 2.4 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 8 |
| 4.6 | എടവനക്കാട് ഗ്രാമപഞ്ചായത്ത് | 8 |
| 4.31 | വിളയൂർ ഗ്രാമപഞ്ചായത്ത് | 9 |
| 2.5 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 9 |
| 4.17 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 9 |
| 4.39 | കുമ്പള ഗ്രാമപഞ്ചായത്ത് | 10 |
| 4.53 | ചെല്ലാനം ഗ്രാമപഞ്ചായത്ത് | 11 |
| 4.60 | കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് | 12 |
| 2.6 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024 ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 14 |
| 3.8 | കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള പ്രോജക്ടുകൾ | 14 |
| 3.15 | അടുക്കള നവീകരണം | 14 |
| 4.3 | കൊടുങ്ങല്ലൂർ നഗരസഭ | 15 |
| 2.7 | കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ | 16 |
| 3.2 | അതിദരിദ്ര കുടുംബങ്ങളുടെ പ്രത്യേക വിവരശേഖരണം | 16 |
| 3.4 | അലോപ്പതി മരുന്ന് വാങ്ങൽ | 16 |
| 3.5 | ജലസ്രോതസ്സുകളുടെ പരിപാലനം | 17 |
| 4.6 | ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് | 17 |
| 4.20 | കൊല്ലം കോർപ്പറേഷൻ | 18 |
| 4.23 | കുടുംബശ്രീ | 19 |
| 3 | പൊതു വിഷയം | 19 |
| 3.1 | PMAY - ലൈഫ് പ്രോജക്ടുകളുടെ വെറ്റിംഗ് | 19 |
| 3.2 | സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് | 20 |

| | | |
|---|---|---|
| 4 | പ്രത്യേക വിഷയം | 20 |
| 4.1 | ചെമ്മനാട് ഗ്രാമപഞ്ചായത്ത് | 20 |
| 4.2 | പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് | 21 |
| 4.3 | കുമളി ഗ്രാമപഞ്ചായത്ത് | 21 |
| 4.4 | കൊല്ലം ജില്ലാ പഞ്ചായത്ത് | 22 |
| 4.5 | കൊറ്റനാട് ഗ്രാമപഞ്ചായത്ത് | 23 |
| 4.6 | നാറാത്ത് ഗ്രാമപഞ്ചായത്ത് | 23 |
| 4.7 | മുഹമ്മ ഗ്രാമപഞ്ചായത്ത് | 24 |
| 4.8 | കോഴിക്കോട് കോർപ്പറേഷൻ | 24 |
| 4.9 | ഭവനരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് വീടിനു വാടക | 24 |
| 4.10 | ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | 25 |
| 4.11 | പുത്തിഗെ ഗ്രാമപഞ്ചായത്ത് | 26 |
| 4.12 | മുളക്കുഴ ഗ്രാമപഞ്ചായത്ത് | 26 |
| 4.13 | കുമളി ഗ്രാമപഞ്ചായത്ത് | 27 |
| 4.14 | തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസ് | 28 |
| 4.15 | മേലുകാവ് ഗ്രാമപഞ്ചായത്ത് | 28 |
| 4.16 | അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 29 |
| 4.17 | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി | 31 |
| 4.18 | ദേലംപാടി ഗ്രാമപഞ്ചായത്ത് | 32 |
| 4.19 | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | 32 |
| 4.20 | പൊതു സ്ഥലങ്ങളിൽ ശുചിമുറി, MCF നിർമ്മാണം | 33 |
| 4.21 | നീലംപേരൂർ ഗ്രാമപഞ്ചായത്ത് | 34 |
| 4.22 | Kerala State Coir Machinery Manufacturing Company Ltd | 34 |
| 4.23 | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി | 35 |
| 4.24 | കാട്ടാക്കട നിയമസഭാ മണ്ഡലം | 36 |
| 4.25 | മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് | 36 |

No./400/2024/SRG/LSGD/CC(4)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024 ന നടന്ന യോഗത്തിന്റെ നടപടിവിവരം

യോഗം രാവിലെ 11.00 മണിക്ക് സംസ്ഥാന ആസൂത്രണബോർഡ് സമ്മേളനഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യവകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. സാധാരണയായി കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ക്രമനമ്പർ 1 ആയി അജണ്ടയിൽ ഉൾപ്പെടുത്താറുള്ള പദ്ധതി പുരോഗതി അവലോകനം ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്രമനമ്പർ 2 ആയി ഉൾപ്പെടുത്താറുള്ള മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരമുള്ള തുടർനടപടി, ക്രമനമ്പർ 3 ആയി ഉൾപ്പെടുത്താറുള്ള പൊതുവിഷയം, ക്രനമ്പർ 4 ആയി ഉൾപ്പെടുത്താറുള്ള പ്രത്യേക വിഷയം എന്നിവയാണ് ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023, 26.10.2023, 14.11.2023, 22.01.2024, 06.03.2024, 06.06.2024, 13.08.2024 എന്നീ തീയതികളിൽ നടന്ന യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1 ഖണ്ഡിക 4.13**
**കോട്ടയം നഗരസഭ**

ശ്രീ കെ. ചന്ദ്രൻപിള്ള, പ്രതീക്ഷ, കാരാപ്പുഴയുടെ 12.05.2023 ലെ കത്ത് (SRG/ 802/23)

വിഷയം:- കോട്ടയം നഗരസഭയിലെ പുത്തൻ തോടിൽ നിർമ്മിച്ച പാലത്തിനു ബിൽതുക നൽകുന്നത് സംബന്ധിച്ച്.

കോട്ടയം നഗരസഭയിൽ 2006-2011 കാലഘട്ടത്തിൽ MLASDF സ്കീമിൽ രണ്ടാം വാർഡിൽ പുത്തൻതോടിന് കുറുകെ താൽക്കാലിക നടപ്പാലം നിർമ്മിച്ചു. നിർമ്മാണം പൂർത്തീകരിച്ച് നഗരസഭയുടെ ശുപാർശയോടെ ഫൈനൽ ബിൽ ജില്ലാ കളക്ടർക്കു നൽകിയിരുന്നു. എന്നാൽ പ്രകൃതിക്ഷോഭം മൂലം നടപ്പാലത്തിന് കേടു വന്നതിനാൽ ബിൽ തുക നൽകിയില്ല. ഇപ്പോൾ ഹൈക്കോടതി ഇതു സംബന്ധിച്ച വിഷയത്തിൽ സ്റ്റേ നൽകിയിട്ടുണ്ടെന്നറിയിച്ചിരിക്കുന്നു. നടപ്പാലം നിർമ്മിച്ച 74 വയസ്സുള്ള ശ്രീ. കെ.ചന്ദ്രൻപിള്ള വിവിധ രോഗങ്ങളാലും കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകളാലും വലിയ പരാധീനത അനുഭവിക്കുന്നു. ഈ സാഹചര്യത്തിൽ ബിൽതുകയും പലിശയും അനുവദിച്ച നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

03.07.2023 ലെ തീരുമാനം :- പ്രളയംമൂലം നടപ്പാലത്തിനു കേടുപാടുകൾ വന്നത് പാലം നിർമ്മിച്ച കരാറുകാരന്റെ വീഴ്ചയല്ലെന്ന് യോഗം നിരീക്ഷിച്ചു. ഇത് കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമല്ലെങ്കിലും കോട്ടയം നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തി ആയതിനാലും അപേക്ഷകൻ പ്രായാധിക്യത്തിന്റെ അവശതകൾ അനുഭവിക്കുന്ന വ്യക്തിയാണെന്നത് പരിഗണിച്ചും ഇതിന്മേൽ പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കാൻ കോട്ടയം ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിരുന്നുവെങ്കിലും റിപ്പോർട്ട് ലഭിച്ചില്ല. 04.01.2024-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ഈ വിഷയം കോട്ടയം ജില്ലാ കളക്ടറുമായി ചർച്ച ചെയ്ത് എത്രയും പെട്ടെന്ന് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയെങ്കിലും ഇതുവരെയും റിപ്പോർട്ട് ലഭിച്ചില്ല എന്നത് 06.06.2024-ലെ യോഗം ചർച്ച ചെയ്തു.

06.06..2024 ലെ തീരുമാനം:- കോട്ടയം ജില്ലാ കളക്ടറുമായി ഈ വിഷയം പ്രത്യേകം ചർച്ച ചെയ്യാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഒപ്പം ഈ വിഷയം ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്താനും തീരുമാനിച്ചു.

13.08.2024-ൽ താഴെപ്പറയുന്ന വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഇതു സംബന്ധിച്ച് കോട്ടയം മുനിസിപ്പൽ സെക്രട്ടറി 23.07.2024 ന ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം MLASDF സ്കീമിൽ ഉൾപ്പെടുത്തി 2009-2010 കാലഘട്ടത്തിൽ 2,60,000 രൂപ പാലം നിർമ്മിക്കുന്നതിന് അനുവദിച്ചിരുന്നു. ചന്ദ്രൻപിള്ള, പ്രതീക്ഷ കാരാപ്പുഴ എന്നയാൾ ഗുണഭോക്തൃ സമിതി കൺവീനറായി എഗ്രിമെന്റ് വയ്ക്കുകയും തുടർന്ന് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ഇതിന്റെ ബിൽ 30.03.2011-ൽ കോട്ടയം ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത പാലം പണി പൂർത്തീകരിച്ച് ബഹു. എം.എൽ.എ ഉത്ഘാടനം ചെയ്യുകയും തുടർന്നുള്ള മൂന്നുമാസക്കാലം ഈ പാലം നാട്ടുകാർ ഉപയോഗിച്ചിരുന്നതായും പ്രസ്തുത പ്രദേശത്തെ മുതിർന്ന പൗരന്മാരുൾപ്പെടെയുള്ള നാട്ടുകാരിൽ നിന്നും അറിയാൻ കഴിഞ്ഞു. എന്നാൽ ഇതേ വർഷം (2011) കാലവർഷത്തിലെ മഴവെള്ള പാച്ചിലിൽ പായലും പോളയും വന്നടിയുകയും അധികഭാരം മൂലം പാലം ഒഴുകി പോയതായും നാട്ടുകാർ അറിയിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ ഉണ്ട്. കോടിമതയിലേയ്ക്ക് പെട്ടെന്ന് എത്തിച്ചേരാനുള്ള മാർഗ്ഗം എന്ന നിലയിൽ ചുരുങ്ങിയ കാലയളവിൽ തന്നെ ഈ പാലം പരിസരവാസികൾക്ക് വളരെയധികം പ്രയോജനമുണ്ടായിരുന്നെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്.

സ്ഥല പരിശോധന സമയത്ത് പ്രസ്തുത പാലത്തിന്റെ അവശിഷ്ടങ്ങളൊന്നും കാണാൻ സാധിച്ചിട്ടില്ല. പാലം ഉണ്ടായിരുന്ന എന്ന് പറയപ്പെടുന്ന ഭാഗത്ത് തോടിന്റെ ഇരുകരകളിലുമുള്ള കൽക്കെട്ടുകൾ പൊളിഞ്ഞു കിടക്കുന്നത് കാണാൻ കഴിഞ്ഞുവെന്ന് മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2011-ലെ വാർഡ്സഭാ മിനിറ്റ്സ് ബുക്ക് പരിശോധിച്ചെങ്കിലും പ്രസ്തുത പാലം പൊളിഞ്ഞത് സംബന്ധിച്ച് യാതൊരു പരാമർശവും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തിയുടെ എം. ബുക്ക് ബില്ലിനൊപ്പം കൺവീനർ കളക്ടറേറ്റിൽ സമർപ്പിച്ചിട്ടുള്ളതായി റിപ്പോർട്ടിലുണ്ട്.

ബിൽ തുക അനുവദിച്ച് തരണമെന്ന് ആവശ്യപ്പെട്ട് പ്രവൃത്തിയുടെ കൺവീനറായ ശ്രീ. ചന്ദ്രൻപിള്ള അഡ്വ.വികെ. സത്യവാൻ നായർ മുഖേന കേസ് ഫയൽ ചെയ്യുകയും കക്ഷിക്ക് അനുകൂലമായി സബ്കോടതിയും ജില്ലാ കോടതിയും വിധി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ സർക്കാരിനുവേണ്ടി (ഏതു ഓഫീസിൽ നിന്നാണ് കേസ് നൽകിയതെന്ന് അറിയിച്ചിട്ടില്ല) ബഹു.ഹൈക്കോടതിയിൽ വിധി നടപ്പിലാക്കുന്നതിനെതിരെ CMA No 182/2018 in RSA No. 470/2018 പ്രകാരം സ്റ്റേ പെറ്റീഷൻ ഫയൽ ചെയ്തു. ബഹു.ഹൈക്കോടതി പ്രസ്തുത വിധി സ്റ്റേ ചെയ്തു. അതിനാൽ കേസ് പെൻഡിംഗിലാണ്. ഈ സാഹചര്യത്തിൽ ഇതിന്മേൽ തുടർ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ലായെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

13.08.2024 -ലെ തീരുമാനം: ഇതു സംബന്ധിച്ച് കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് കൂടി ലഭിച്ചതിനുശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്. ഇതിന്മേൽ കോട്ടയം ജില്ലാ കളക്ടർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** MLADSF-ൽ മുകളിൽ പറഞ്ഞ പാലത്തിന്റെ നിർമ്മാണത്തിനായി 09.09.2010 ൽ 2.60 ലക്ഷം രൂപയുടെ ഭരണാനുമതി ജില്ലാ കളക്ടർ നൽകിയിരുന്നു. പ്രവൃത്തി 06.02.2011 ന പൂർത്തിയാക്കി. പാലം നിർമ്മിച്ച കൺവീനർക്ക് 1,70,575 രൂപ നൽകുന്നതിനായി 05.05.2011-ൽ നഗരസഭാ സെക്രട്ടറി ബിൽ ജില്ലാ കളക്ടർക്ക് നൽകി. ബിൽ തുക നൽകുന്നതിന് കോട്ടയം ആർ.ഡി.ഒ ആണ് സ്ഥല പരിശോധന നടത്തിയത്. പരിശോധനയിൽ നടപ്പാലം കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് 22.09.2011-ലെ 2333/11/LDS നമ്പർ കത്തു പ്രകാരം ആർഡി.ഒ റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ നടപ്പാലം പണി പൂർത്തിയായ ശേഷമുണ്ടായ പ്രകൃതിക്ഷോഭത്തെ തുടർന്ന് പാലത്തിന്റെ തൂണുകൾക്ക് ബലക്ഷയമുണ്ടാകുകയും സ്ഥാനമാറ്റം സംഭവിക്കുകയും ചെയ്തുവെന്ന് കോട്ടയം നഗരസഭാ സെക്രട്ടറി 03.06.2011-ലെ PW8/2433/09 നമ്പർ കത്തു പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 23.07.2012-ൽ പ്രവൃത്തിയുടെ ബിൽ തുകയും 23.03.2011 മുതലുള്ള 12 ശതമാനം പലിശയും കൺവീനർക്ക് നൽകണമെന്ന് ബഹു. കോട്ടയം അഡീഷണൽ സബ് കോടതിയിൽ OS NO.582/12-ാം നമ്പരായി ജില്ലാ കളക്ടറെ എതിർ

കക്ഷിയാക്കി കേസ് ഫയൽ ചെയ്യുകയും 2,51,608 രൂപ ശ്രീ.ചന്ദ്രൻപിള്ളയ്ക്ക് നൽകാൻ കോടതി ഉത്തരവാകുകയും ചെയ്തു. ഇതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ജീപ്പ് ലേലം ചെയ്യാൻ കോടതിയിൽ നിന്ന് ഉത്തരവാകുകയും ചെയ്തു.

ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ RSA-470/18-ാം നമ്പർ ആയി കേസ് ഉണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേസ് സംബന്ധിച്ച ഹിയറിംഗ് നടപടി വേഗത്തിലാക്കാൻ അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകിയിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ തീർപ്പ് അനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

തീരുമാനം:-

1) പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം 30.03.2011 നാണ് ബിൽ ജില്ലാകളക്ടർക്ക് നൽകിയത്. എന്നാൽ 05.05.2011 നാണ് ബിൽ കളക്ടറേറ്റിൽ നൽകിയതെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഇത് ഒന്നു കൂടി പരിശോധിക്കണം.
2) ഈ പ്രവൃത്തിയുടെ എം. ബുക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ച് വ്യക്തത വരുത്തി മെഷർമെന്റ് എടുത്ത തീയതി, എന്നാണ് RDO സൈറ്റ് പരിശോധന നടത്തിയത് എന്നീ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് നൽകണം. കൂടാതെ 2011 മാർച്ച് മുതൽ 22.09.2011 വരെ കോട്ടയം മുനിസിപ്പൽ പ്രദേശത്തോ ജില്ലയിലോ പ്രളയമോ, അതിവർഷമോ ഉണ്ടായോ എന്നത് സംബന്ധിച്ച് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയോട് റിപ്പോർട്ട് ആരായാനും തീരുമാനിച്ചു. ഇവ ശേഖരിച്ച് നൽകാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |

## 2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.2 ഖണ്ഡിക 3.2
### ആംബുലൻസ്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023-ലെ യോഗ തീരുമാനം (ഖണ്ഡിക 3.10) പ്രകാരം കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആംബുലൻസിന്റെ വിവരം പുതുക്കിയ പ്രൊഫോർമയിൽ എടുക്കാൻ യോഗം തീരുമാനിച്ചു.

ആംബുലൻസുകളുടെ എണ്ണമടക്കമുള്ള വിവരങ്ങൾ ശേഖരിച്ച് നിലവിലെ ആംബുലൻസുകളുടെ പരിപാലനം, പുതിയത് ആവശ്യമുള്ള പ്രദേശത്ത് എങ്ങനെ വാങ്ങാം/ലഭ്യമാക്കാം എന്നതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ താഴെപ്പറയും പ്രകാരം കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| ആരോഗ്യ വകുപ്പ് ഡയറക്ടർ | കൺവീനർ |
| ശ്രീമതി. ജോൽസന മോൾ<br>(ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്) | കോ കൺവീനർ |
| ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ | അംഗം |
| ട്രാൻസ്പോർട്ട് കമ്മീഷണർ | അംഗം |
| കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ | അംഗം |
| എസ്.ആർ.ജി കൺവീനർ | അംഗം |

മുകളിൽ പറഞ്ഞ കമ്മിറ്റി കൂടി റിപ്പോർട്ട് നൽകിയിട്ടില്ല എങ്കിലും 15.06.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകി.

പ്രിൻസിപ്പൽ ഡയറക്ടർ 04.01.2024-ന നൽകിയ റിപ്പോർട്ട്

തദ്ദേശഭരണ സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആംബുലൻസുകൾ സംബന്ധിച്ച വിവരം

| ക്രമ നം | ജില്ല | തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളത് (എണ്ണം) | | | | | PHC/FHCയുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | CHC യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | താലൂക്ക്, ജനറൽ ജില്ലാ ആശുപത്രി യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) |
|---|---|---|---|---|---|---|---|---|---|
| | | GP | BP | DP | Mty | Cor | | | |
| 1 | തിരുവനന്തപുരം | 24 | 1 | | 4 | 12 | 39 | 27 | 12 |
| 2 | കൊല്ലം | 14 | | | 3 | 2 | 13 | 12 | 17 |
| 3 | പത്തനംതിട്ട | 6 | | | 1 | | 18 | 11 | 15 |
| 4 | ആലപ്പുഴ | 5 | 1 | | 4 | | 5 | 12 | 25 |
| 5 | കോട്ടയം | 36 | | | 5 | | 10 | 3 | 8 |
| 6 | ഇടുക്കി | 10 | 5 | | 1 | | 17 | 12 | 7 |
| 7 | എറണാകുളം | 43 | 1 | | 12 | | 16 | 3 | 9 |
| 8 | തൃശ്ശൂർ | 27 | 3 | | 4 | | 12 | 7 | 15 |
| 9 | പാലക്കാട് | 23 | 2 | | | | 8 | 10 | 7 |
| 10 | മലപ്പുറം | 4 | 2 | | 1 | | 12 | 6 | 15 |
| 11 | കോഴിക്കോട് | 16 | | | 1 | 2 | 26 | 2 | 12 |
| 12 | വയനാട് | 5 | 1 | | 2 | | 6 | 8 | 10 |
| 13 | കണ്ണൂർ | 7 | 1 | | 2 | | 4 | 9 | 20 |
| 14 | കാസർഗോഡ് | 9 | 2 | | | | 3 | 5 | 6 |
| **ആകെ** | | **229** | **19** | | **40** | **16** | **189** | **127** | **178** |

ആകെ ആംബുലൻസുകളുടെ എണ്ണം 798

ആംബുലൻസ് ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ 26.10.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകിയ വിവരങ്ങളുടെ സംക്ഷിപ്ത രൂപം താഴെപറയും പ്രകാരമാണ്.

| Sl No | Name of District | Number of Institutions without Ambulances | District-wise Percentage in Total number of Institutions without ambulances |
|---|---|---|---|
| 1 | Thiruvananthapuram | 21 | 3.41 |
| 2 | Kollam | 31 | 5.04 |
| 3 | Pathanamthitta | 20 | 3.25 |
| 4 | Alappuzha | 70 | 11.38 |
| 5 | Kottayam | 27 | 4.39 |
| 6 | Idukki | 21 | 3.41 |
| 7 | Ernakulam | 79 | 12.84 |
| 8 | Thrissur | 78 | 12.68 |
| 9 | Palakkad | 78 | 12.68 |
| 10 | Malappuram | 40 | 6.50 |
| 11 | Kozhikkod | 42 | 6.82 |
| 12 | Wayanad | 23 | 3.73 |
| 13 | Kannur | 42 | 6.82 |
| 14 | Kasargod | 43 | 6.99 |
| | **Total** | **615** | **100** |

മുകളിൽ പറഞ്ഞ കമ്മിറ്റിയുടെ യോഗം 08.01.2024-നു കൂടാൻ തീരുമാനിച്ചിട്ടുണ്ടെന്നും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായം കൂടി തേടി വിശദമായ റിപ്പോർട്ട് ഉടനെ നൽകുമെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

04.01.2024 ലെ തീരുമാനം:- ആരോഗ്യവകുപ്പ് ഡയറക്ടർ കൺവീനറായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ആംബുലൻസിന്റെ വിവരങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി അടിയന്തിരമായി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. സ്വകാര്യ മേഖല/സന്നദ്ധ സംഘടനകൾ/മറ്റ സ്ഥാപനങ്ങൾ എന്നിവരുടെ നിയന്ത്രണത്തിലുള്ള ആംബുലൻസുകളും പൊതുജനങ്ങളുടെ സേവനത്തിന് ലഭ്യമാകും എന്ന് യോഗം വിലയിരുത്തി. ഇതടക്കം എത്ര ആംബുലൻസുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് ലഭ്യമാകും എന്ന വിവരം കൂടി കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ കൂടി അഭിപ്രായം തേടി വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകണം. റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഇത്തരം സാഹചര്യങ്ങൾ കൂടി പരിഗണിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

13.08.2024-ൽ നൽകിയ റിപ്പോർട്ട്: ട്രാൻസ്പോർട്ട് കമ്മീഷണറോട് റിപ്പോർട്ട് നല്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല. അതിനാൽ സ്വകാര്യ മേഖല/NGO/സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ വിവരങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിന്ന് ശേഖരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഇതനുസരിച്ച് ട്രാൻസ്സ്പോർട്ട് ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ട് 16.10.2024-ലെ യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി നൽകി.

**റിപ്പോർട്ട്:-** കേരളത്തിൽ ആകെ 9883 ആംബുലൻസാണ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്. ഇതിൽ വാഹൻ പോർട്ടൽ റിപ്പോർട്ട് പ്രകാരം 6507 വാഹനങ്ങൾക്കു മാത്രമേ Certificate of Fitness ഉള്ളൂ. ഈ വാഹനങ്ങൾക്കു മാത്രമേ നിരത്തിൽ ഇറങ്ങാൻ കഴിയൂ

തീരുമാനം:- ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയ ലിസ്റ്റും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ആരോഗ്യവകുപ്പ് ഡയറക്ടർ 04.01.2024 ന് നൽകിയ ലിസ്റ്റും മുകളിൽ പറഞ്ഞ ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറായ കമ്മിറ്റി പരിശോധിച്ച് വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുൻപ് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ആരോഗ്യവകുപ്പ് ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |

**2.2 ഖണ്ഡിക 4.7**

**കായംകുളം നഗരസഭ**

കോട്ടയം ഷാരോൺ വാട്ടർസൊല്യൂഷൻ ഉടമയുടെ 03.08.2023 ലെ കത്തും നഗരകാര്യ ഡയറക്ടർ സർക്കാരിനു നൽകിയ 16.03.2022 ലെ DC1-5101/2021-ാം നമ്പർ കത്തും (SRG/ 1092/23).

വിഷയം:- കായംകുളം നഗരസഭയിൽ സ്ഥാപിച്ച Effluent Treatment Plant ൽ അധികമായി ചെയ്ത പ്രവൃത്തിയുടെ ബിൽതുക നൽകുന്നതു സംബന്ധിച്ച്.

കായംകുളം നഗരസഭയിൽ 2018-19 ൽ അറവുശാലയിൽ Effluent Treatment Plant (ETP) സ്ഥാപിക്കുന്നതിന് 33,85,000 രൂപയുടെ അടങ്കൽ തുകയിൽ പ്രോജക്ട് എടുത്തിരുന്നു. ഇത് ടെണ്ടർ ചെയ്തപ്പോൾ 23,50,000 രൂപ ക്വാട്ട് ചെയ്ത കോട്ടയം ഷാരോൺ വാട്ടർ സൊല്യൂഷൻ എന്ന സ്ഥാപനത്തെ പ്രവൃത്തി ഏല്പിച്ചു. ഇതനുസരിച്ച് 31.01.2019 ൽ കരാറുകാരനുമായി എഗ്രിമെന്റ് വച്ചു. പ്രവൃത്തി പൂർത്തിയാക്കി 28.03.2019 ന് ബിൽതുക കരാറുകാരന് നൽകി. എന്നാൽ നഗരസഭ ആവശ്യപ്പെട്ട പ്രകാരം ഇ.റ്റി.പിയോടനുബന്ധിച്ച് 11.50 ലക്ഷം രൂപയുടെ അധിക പ്രവൃത്തി ചെയ്തു. ഇതിന്റെ ബിൽതുക കരാറുകാരന് ലഭിച്ചില്ല. പ്രോജക്ടിന്റെ ആകെ അടങ്കൽ തുകയായ 33.85 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി ചെലവായ തുക നൽകണമെന്നതു സംബന്ധിച്ച്

26.10.2023 തീരുമാനം :- നഗരസഭ രേഖാമൂലം ആവശ്യപ്പെട്ടിട്ടാണോ കരാറുകാരൻ അധിക പ്രവൃത്തി ചെയ്തതെന്നതടക്കമുള്ള വിവരങ്ങൾ, അധിക പ്രവൃത്തി ചെയ്തതിന്റെ വാല്യുവേഷൻ തുക

എത്രയാണെന്ന് എന്നിവ മുനിസിപ്പൽ എഞ്ചിനീയർ പരിശോധിച്ച് അതിന്റെ റിപ്പോർട്ട് സഹിതം നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) നഗരകാര്യ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ(ഡബ്ല്യു.എം) വകുപ്പ് |

**2.2 ഖണ്ഡിക 4.18**
**വട്ടവട ഗ്രാമപഞ്ചായത്ത്**

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.06.2023 ലെ LSGD/PD/42807/2023/DPLAI നമ്പർ കത്തും വട്ടവട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.06.2023 ലെ DGPM09/GPO/23/856-ാം നമ്പർ കത്തും (SRG/918/23).

വിഷയം:- വട്ടവട ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് അധിക നിരക്ക് നിശ്ചയിക്കണമെന്നതു സംബന്ധിച്ച്.

വട്ടവട ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിൽ മൂന്നാർ കോസ്റ്റ് ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം അധികനിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഇവിടെയെത്താൻ ദൂരക്കൂടുതലുള്ളതു കൊണ്ട് 20 ശതമാനമെങ്കിലും അധിക നിരക്ക് ലഭ്യമായെങ്കിൽ മാത്രമേ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാവൂ എന്നറിയിച്ചിരിക്കുന്നു. അതിനാൽ വട്ടവട ഗ്രാമപഞ്ചായത്തിന് തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയർ പ്രത്യേകം കോസ്റ്റ് ഇൻഡക്സ് നിശ്ചയിച്ച് നൽകണമെന്നതു സംബന്ധിച്ച്

<u>26.10.2023-ലെ തീരുമാനം</u> :- ഈ പ്രദേശത്തെ മാർക്കറ്റ് നിരക്ക് കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി

<u>06.03.2024 ന നൽകിയ റിപ്പോർട്ട്</u> :- നിലവിൽ മൂന്നാർ കോസ്റ്റ് ഇൻഡക്സ് പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് റേറ്റിനേക്കാൾ 30 മുതൽ 50 ശതമാനം വരെ അധികമാണ് കോവിലൂരിലെ (വട്ടവട) റേറ്റ്. ദേവികുളം ബ്ലോക്കിന്റെ പരിധിയിൽ വരുന്ന വട്ടവട ഗ്രാമപഞ്ചായത്തിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് വട്ടവട ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ സാമഗ്രികൾക്ക് ബേസിക് മെറ്റീരിയൽ കോസ്റ്റിന്റെ 20 ശതമാനം അഡീഷണൽ കൺവേയൻസ് എന്ന നിലയിൽ **Observed Data** യിൽ ഉൾക്കൊള്ളിക്കുന്നത് പരിഗണിക്കാവുന്നതാണ്.

Comparison of Rates at Koviloor, Vattavada

| Sl No | Item Code | Item | Unit | DSR 2018 Rate (inclussing of carriage) | DSR Rate with cost index of Munnar@ 39.83 (In Rs)(a) | Current Market Rate at Koviloor (In Rs) (b) | Current Marker Rate Devikulam (c) | % Excess of (B) above (a) |
|---|---|---|---|---|---|---|---|---|
| 1 | 367+2209 | Cement | Tonne | 5032.24 | 7036.58 | 9600 | 9000 | 36.43 |
| 2 | 982+2203 | Sand | Cum | 1453.77 | 2023.81 | 3178 | 3780 | 56.34 |
| 3 | 0293+2206 | 40 MM Metal | Cum | 1412.79 | 1975.5 | 3107.72 | 2894 | 57.31 |
| 4 | 0295+2202 | 20 MM Metal | Cum | 1453.77 | 2032.81 | 3001.77 | 2750 | 47.67 |
| 5 | 0297+2202 | 10 MM Metal | Cum | 1453.77 | 2032.81 | 3107.72 | 2986 | 52.88 |
| 6 | MR1 | 8 inch Solid Block 40x20x20 | Each | 48 | 48 | 70 | 48 | 45.83 |
| 7 | MR 4 | 6 inch Solid Block 40x20x15 | Each | 35 | 35 | 56 | 35 | 60 |
| 8 | MR 5 | 4 inch Solid | | 26 | 18 | 45 | 26 | 73.08 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | Block 40x20x15 | **Each** | | | | | |
| 9 | MR | GI Sheet | **Sqm** | **367** | **367** | **465** | **367** | **26.7** |
| 10 | 1549+2205 | GI -Pipe-40 MM Dia | **Kg** | **68.13** | **95.27** | **99** | **95.41** | **3.92** |
| 11 | 1005+2205 | Tmt bar | **Kg** | **46.09** | **64.15** | **90** | **80** | **39.64** |

06.03.2024 -ലെ തീരുമാനം :- ഇതിന്മേൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇതിന്മേൽ ചീഫ് ടെക്നിക്കൽ എക്സാമിനർ നേരിട്ട് റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** :- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുമായി ചീഫ് ടെകിനിക്കൽ ഓഫീസിലെ ഉദ്യോഗസ്ഥർ 04.07.2024-ൽ വട്ടവട ഗ്രാമപഞ്ചായത്ത് സന്ദർശിച്ചുവെന്നും വട്ടവട ഗ്രാമപഞ്ചായത്തിൽ അധിക നിരക്കു നൽകുന്ന കാര്യം ചർച്ച ചെയ്തെന്നും അറിയിച്ചിട്ടുണ്ട്. ഇടമലക്കുടി ഗ്രാമപഞ്ചായത്തിലേതുപോലെ ഒരു സാഹചര്യം വട്ടവട ഗ്രാമപഞ്ചായത്തിൽ ഇല്ലെന്നും അതിനാൽ മുകളിൽ പറഞ്ഞ ഇനങ്ങൾക്ക് (11 എണ്ണം) 20 ശതമാനം കൺവയൻസ് തുക അനുവദിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നും ചീഫ് ടെക്നിക്കൽ എക്സാമിനർ അറിയിച്ചിട്ടുണ്ട്.

തീരുമാനം:- ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അധിക കൺവയൻസ് അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |

**2 .3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3 ഖണ്ഡിക 3.5**

**ഇലക്ട്രിക് സ്കൂട്ടർ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇലക്ട്രിക് സ്കൂട്ടർ വാങ്ങുന്നതിന് അനുമതി ആവശ്യപ്പെടുന്നുണ്ട്. വില അടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് താഴെപറയും പ്രകാരം റിപ്പോർട്ട് നൽകി.

13.08.2024 ൽ നൽകിയ റിപ്പോർട്ട് ഇലക്ട്രിക് സ്കൂട്ടറിന്റെ സ്പെസിഫിക്കേഷൻ, വില എന്നിവ നിശ്ചയിച്ചു നൽകാൻ ANERT ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം അനെർട്ട് ഡയറക്ടർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്**:- നിലവിൽ ലഭ്യമായ വിവിധ തരം ഇലക്ട്രിക് സ്കൂട്ടറുകളുടെ ഗുണനിലവാരം, അറ്റകുറ്റപ്പണികൾക്കുള്ള സൗകര്യം, വാറന്റി വ്യവസ്ഥകൾ എന്നിവ പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ദീർഘകാലം ഉപയോഗിക്കുന്നതിന് വേണ്ട ഇലക്ട്രിക് സ്കൂട്ടർ ആണ് തിരഞ്ഞെടുക്കേണ്ടത്

നിലവിൽ ലഭ്യമായതിൽ ഗുണനിലവാരമുള്ള ഇലക്ട്രിക് സ്കൂട്ടറിന് വേണ്ട ചുരുങ്ങിയ സ്പെസിഫിക്കേഷനും ഏകദേശവിലയും അനെർട്ട് ഡയറകടർ നൽകിയ പ്രകാരം താഴെപ്പറയുന്നതാണ്.

| | |
|---|---|
| Top Speed (Actual) | 80 km/hr or above |
| Minimum Driving Range | 100 km |
| Certified Range | 140 km or above |
| Battery Type | Lithium iron |
| Minimum Battery Capacity | Above 3 kWh |
| Minimum Battery warranty | 8 years or 80,000 km |
| Motor Type | PMSM |
| Minimum Scooter Warranty | 3 years |

| | |
|---|---|
| Minimum Charger Warranty | 3 years |
| Motor (Peak Power) | 4 kW or above |
| Charging time | Below 6 hours |
| Rear Suspension | Mono-Shock |
| Transmission | Belt driven |
| Battery Packaging (Water and dust Resistance) | IP 67 |
| Motor and controller protection | IP65/66 |
| Minimum boot space | 20 L |
| Approximate price | Rs. 1,60,000 – 1,85,000/- |

തീരുമാനം:- ഇതു സംബന്ധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ANERT<br>2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ് |

## 2.4 കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01. 2024 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.4 ഖണ്ഡിക 4.6**
**എടവനക്കാട് ഗ്രാമപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2023, 13.09.2023 എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും (SRG/1282/23 - CC/701/23).

വിഷയം:- എടവനക്കാട് ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ പഞ്ചകർമ്മ ചികിത്സാ സൗകര്യമൊരുക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 35/24* | *അടങ്കൽ* | *5,00,000 രൂപ*<br>*(തനത് ഫണ്ട്)* |
| *പേര്* | *എടവനക്കാട് ഗവ.ആയുർവേദ പഞ്ചകർമ്മ ചികിത്സ സൗകര്യം ലഭ്യമാക്കൽ* | |

എടവനക്കാട് ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ 2019-20 മുതൽ ഗ്രാമപഞ്ചായത്ത് പഞ്ചകർമ്മ സൗകര്യം ഏർപ്പെടുത്തുന്നുണ്ട്. ആദ്യവർഷത്തെ ചെലവ് സംഭവാനയിൽ നിന്ന് കണ്ടെത്തി. 2021-22 മുതൽ നൂതന പ്രോജക്ടായാണ് നടപ്പാക്കുന്നത്. ആറു മാസത്തേയ്ക്ക് മാത്രം വേതനം നൽകാനാണ് അനുമതി നൽകുന്നത്. യോഗ്യരായ വനിത-പുരുഷ തെറാപ്പിസ്റ്റുകളെ നിയമിച്ച് (2 പേർ) പ്രതിമാസം ഒരാൾക്ക് 20,385 രൂപയിൽ കവിയാത്ത വേതനം നൽകുന്നു. (പ്രതിദിനം 755 രൂപ). വർഷം മുഴുവൻ ഈ സേവനം നൽകുന്ന രീതിയിൽ സ്ഥിരമായി തെറാപ്പിസ്റ്റുകളുടെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. എടവനക്കാട് ഗ്രാമപഞ്ചായത്തു കൂടാതെ ചൂർണ്ണിക്കര, മുളന്തുരുത്തി, മണീട്, ശ്രീമൂലനഗരം, മുളവുകാട്, എന്നീ ഗ്രാമപഞ്ചായത്തുകളും ഇതേ രീതിയിൽ പഞ്ചകർമ്മ ചികിത്സ നടത്തുന്നുണ്ടെന്നും ഈ ഗ്രാമപഞ്ചായത്തുകൾക്കും ഇതേ രീതിയിൽ തെറാപ്പിസ്റ്റുകളെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

<u>22.01.2024 ലെ തീരുമാനം</u> :-ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആയുർവേദ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ ആയുർവേദ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ് |

**2.4 ഖണ്ഡിക 4.31**

**<u>വിളയൂർ ഗ്രാമപഞ്ചായത്ത്</u>**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തും വിളയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2023 ലെ 20(1)–ാം നമ്പർ തീരുമാനവും (SRG/1311/23 – CC/718/2023).

വിഷയം:– കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച്

വിളയൂർ ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വിവിധ കുടിവെള്ള പദ്ധതികൾ നിർമ്മിച്ച് ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ട്. ജല–ജീവൻ പദ്ധതി വരുന്നതുവരെ ഈ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃസമിതി തന്നെ നൽകി. ജലജീവൻ പദ്ധതിയിലൂടെ കുടിവെള്ളം ലഭിക്കുന്നുണ്ട് എന്നതിനാൽ ഇപ്പോൾ ഗുണഭോക്തൃസമിതി വൈദ്യുതി ചാർജ് അടയ്ക്കുന്നില്ല. ഗുണഭോക്താക്കൾ മാസംതോറും നൽകേണ്ട തുക നൽകുന്നില്ല. ആകെ 30 കുടിവെള്ള പദ്ധതിയുടെ കുടിശ്ശികയാണ് നൽകാനുള്ളത്. ഇതിൽ 14 എണ്ണത്തിന്റെ വൈദ്യുതി കണക്ഷൻ KSEB വിച്ഛേദിച്ചു. കുടിശ്ശിക ഈടാക്കാൻ KSEB റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആകെ കുടിശ്ശിക തുക 84,923 രൂപ. ഈ തുക നൽകാൻ തനത് ഫണ്ട് ഇനത്തിൽ 1,00,000 രൂപ ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

<u>22.01.2024 ലെ തീരുമാനം</u> **:–** ഈ പദ്ധതിയിലൂടെ കുടിവെള്ളമുപയോഗിച്ച കാലത്തെ കുടിശ്ശിക ഗുണഭോക്തൃ സമിതി തന്നെ നൽകേണ്ടതാണ് എന്നു യോഗം നിരീക്ഷിച്ചു. ഈ വിഷയത്തിൽ റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:–** മുകളിൽപ്പറഞ്ഞ വിവരങ്ങൾ വസ്തുതാപരമാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

തീരുമാനം:– പൊതുജനങ്ങളുടെ ആവശ്യത്തിന് വേണ്ടി മുകളിൽ പറഞ്ഞ കുടിവെള്ള പദ്ധതികൾ നിലനിർത്തേണ്ടതുണ്ടോ, ഇവയിൽ ഏതൊക്കെയാണ് ഇപ്പോൾ പ്രവർത്തന സജ്ജം, കുടിവെള്ള സംരക്ഷണത്തിന്റെ ഭാഗമായി പ്രത്യേകം പരിപാലിച്ചു സംരക്ഷിക്കേണ്ട ജല സ്രോതസ്സ് ഉണ്ടോ, ഇനി ആവശ്യമില്ലാത്തവയാണെങ്കിൽ അവയുടെ മോട്ടോർ അടക്കമുള്ളവ എന്തു ചെയ്യണം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തിയുടെ ലിസ്റ്റ് സഹിതം നൽകാൻ റൂറൽ ഡയറക്ടറോട് നിർദ്ദേശിക്കുന്നു. റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ കാലതാമസമൊഴിവാക്കി ഉടനെ റിപ്പോർട്ട് നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ് |

**<u>2.5 കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024–ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.5 ഖണ്ഡിക</u> 4.17**

**<u>പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 27.11.2023–ലെ A/1450/21–ാം നമ്പർ കത്തും പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.10.2023–ലെ 7(1) –ാം നമ്പർ തീരുമാനവും (SRG/1610/2023)

വിഷയം:– PMAY ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് 2021–22 വർഷം PMAY പദ്ധതിയിൽ 41 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീടു നിർമ്മിച്ചു നൽകാൻ പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇവർക്ക് താഴെപ്പറയും പ്രകാരമാണ് വിഹിതം നിശ്ചയിച്ചിരുന്നത്.

| | |
|---|---|
| കേന്ദ്ര/സംസ്ഥാന സർക്കാർ വിഹിതം (72,000+48,000) | 1,20,000 രൂപ |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1,33,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,52,000 രൂപ |
| ഗ്രാമപഞ്ചായത്ത് വിഹിതം | 95,000 രൂപ |
| പട്ടികവർഗ്ഗ വികസനവകുപ്പ് വിഹിതം | 1,00,000 രൂപ |
| ആകെ | 6,00,000 രൂപ |

എന്നാൽ എഗ്രിമെന്റ് വച്ച 41 ഗുണഭോക്താക്കളിൽ 5 ഗുണഭോക്താക്കൾക്ക് മാത്രമാണ് പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നും 1.00 ലക്ഷം രൂപ വീതം ലഭിച്ചത്. ബാക്കിയുള്ളവർക്ക് പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്ന് ഇനി തുക ലഭിക്കാൻ സാധ്യതയില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഈ തുക ഗുണഭോക്താക്കൾക്ക് നല്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്

06.03.2024-ലെ തീരുമാനം:- ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** :- നിലവിൽ PMAYപദ്ധതിക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് തുക അനുവദിക്കുന്നതിന് സാധ്യമല്ല. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കുന്നതാണ് നല്ലതെന്നറിയിച്ചിട്ടുണ്ട്.

തീരുമാനം:- പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് വിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് മുകളിൽ പറഞ്ഞ പ്രകാരം (പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പ്രതീക്ഷിച്ചിരുന്ന വിഹിതം) ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് വിഹിതം നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ് |

**2.5 ഖണ്ഡിക 4.39**
**കുമ്പള ഗ്രാമപഞ്ചായത്ത്**

കുമ്പള ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ 24.01.2024-ലെ കത്തും കുമ്പള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.01.2024-ലെ 1(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/172/24)

വിഷയം:- PWD യുടെ ഉടമസ്ഥതയിലുള്ള റോഡ് പുറമ്പോക്ക് സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 172/24 | *അടങ്കൽ* | *9,79,000 രൂപ (സി.എഫ്.സി. റൈഡ് ഗ്രാന്റ്)* |
| *പേര്* | *ആരിക്കാടി ചെറിയ കുന്നിൽ കുടിവെള്ള പദ്ധതി* | |

കുമ്പള ഗ്രാമപഞ്ചായത്തിൽ ആരിക്കാടി പ്രദേശത്ത് പൈപ്പ്ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ആരിക്കാടി പുത്തിഗൈ PWD റോഡിനോട് ചേർന്നുള്ള പുറമ്പോക്ക് സ്ഥലത്ത് വാട്ടർ ടാങ്ക് സ്ഥാപിക്കണം. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള NOC ഉപാധികളോടെ PWD നൽകിയിട്ടുണ്ട്. ഇവിടെ വാട്ടർ ടാങ്ക് നിർമ്മിക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്. ടാങ്ക് നിർമ്മിച്ചാലും റോഡ് ഗതാഗതത്തിന് തടസ്സമുണ്ടാകില്ല എന്നറിയിച്ചിട്ടുണ്ട്.

06.03.2024 ലെ തീരുമാനം :- ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ KWA ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** :- കുമ്പള ഗ്രാമപഞ്ചായത്തിലെ എല്ലാ ഭവനങ്ങൾക്കും ടാപ്പ് കണക്ഷൻ നൽകാൻ വിഭാവനം ചെയ്തിട്ടുള്ള ജലജീവൻ പദ്ധതി ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മുകളിൽ പറഞ്ഞ വാട്ടർടാങ്ക് നിർമ്മാണം ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുതല്ല. അതിനാൽ ടാങ്ക് നിർമ്മാണം സംബന്ധിച്ച് പ്രത്യേക റിപ്പോർട്ട് നൽകിയിട്ടില്ല.

| | |
|---|---|
| തീരുമാനം:- | ജലജീവൻ പദ്ധതി നടപ്പാക്കുന്നുണ്ട് എങ്കിലും 30 ഓളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുംവിധം ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന പ്രത്യേക പദ്ധതിയാണ് ഇത് എന്ന് യോഗം വിലയിരുത്തി. നിർമ്മാണത്തിനുശേഷം കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതി പരിപാലിക്കണമെന്നും ആവർത്തന ചെലവ് ഗുണഭോക്തൃ സമിതി വഹിക്കണമെന്നുമുള്ള നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു. |

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ് |

**2.5 ഖണ്ഡിക 4.53**
**ചെല്ലാനം ഗ്രാമപഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2023-ലെ കത്തുകളും (2 എണ്ണം) അനുബന്ധ രേഖകളും (SRG/1623/2023 – CC/890/23)

| | |
|---|---|
| വിഷയം:- | കടലാക്രമണം തടയുന്നതിന് മണൽ ബണ്ട് നിർമ്മിച്ചതിന്റെ ബാക്കി തുക നൽകുന്നത് സംബന്ധിച്ച് |

| | | |
|---|---|---|
| *പ്രോ.നം:* 219/24 | *അടങ്കൽ* | *15,00,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | *കടലാക്രമണം തടയുന്നതിന് മണൽ ബണ്ട് നിർമ്മിക്കൽ അനുബന്ധ പ്രവൃത്തികൾ* | |

കടലിനും കായലിനും ഇടയിലാണ് ചെല്ലാനം ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. സംസ്ഥാന സർക്കാർ ടെട്രോപോഡ് ഉപയോഗിച്ച് 7.5 കിലോമീറ്റർ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലായി 10 കിലോമീറ്ററോളം കടൽ ഭിത്തി ഇല്ലാത്ത പ്രദേശത്ത് ഈ വർഷം മണൽ ബണ്ട് നിർമ്മിക്കാൻ 4.95 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കടൽ ഭിത്തി നിർമ്മിച്ചുവെങ്കിലും കടലാക്രമണത്തിൽ തകർന്നു. തുടർന്ന് വീണ്ടും ജിയോ ബാഗുകളിൽ മണൽ നിറച്ച് സംരക്ഷണഭിത്തി തയ്യാറാക്കി. ഇതിനായി ആകെ 22,88,951 രൂപ ബിൽ തുകയായി. ആദ്യത്തെ പ്രോജക്ട് തുകയ്ക്ക് (4.95 ലക്ഷം രൂപ) ടെണ്ടർ നടപടി സ്വീകരിച്ചെങ്കിലും പിന്നീടുള്ള പ്രവർത്തനങ്ങൾക്ക് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല. ആകെയുള്ള ബിൽ തുകയിൽ ആദ്യം തയ്യാറാക്കിയ പ്രോജക്ടിൽ നിന്ന് 4,56,660 രൂപയും റവന്യൂ വകുപ്പ് അനുവദിച്ച 4.00 ലക്ഷം രൂപയും കരാറുകാരന് നൽകി. ബാക്കി തുകയായ 14,32,291 രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. .

<u>06.03.2024-ലെ തീരുമാനം</u> :-ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്**:- ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയാണ്. മണൽ ബണ്ട് നിർമ്മിക്കുന്നതിനായി സെക്രട്ടറി ക്വട്ടേഷൻ വിളിക്കുകയും കരാറുകാരനുമായി 09.06.2023-ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തു. തുടർന്ന് 15.06.2023-ൽ സെക്രട്ടറി ആവശ്യപ്പെട്ട പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ 17.06.2023-ൽ 8.81 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. ബണ്ട് നിർമ്മിച്ചതിന് ഗ്രാമപഞ്ചായത്തിൽ നിന്ന് 4,56,660 രൂപയും കൊച്ചി തഹസിൽദാർ 4.00 ലക്ഷം രൂപയും നൽകി. ആകെ 8,56,660 രൂപ. ബണ്ടു നിർമ്മാണം നടന്ന വേളയിൽ ഇതിന്റെ വാല്യുവേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ നല്കണമെന്ന് നിർദ്ദേശിച്ചിരുന്നില്ല. അതിനാൽ നിർമ്മാണ ഘട്ടത്തിൽ വാല്യുവേഷൻ നടത്തിയിരുന്നില്ല. ബിൽ അനുസരിച്ച് 2 ജെ.സി.ബി.യും 1 ഹിറ്റാച്ചിയും 31 ദിവസം പ്രവർത്തിച്ചിട്ടുണ്ട്. ബണ്ടിന്റെ മെയിന്റനൻസിന് ഒരു കാരണവശാലും ഇപ്രകാരം പ്രവൃത്തി വേണ്ടി വരില്ല. വാർഡിലെ മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിന്റേയും കരാറുകാരൻ നൽകിയ ബില്ലുകളുടെയും അടിസ്ഥാനത്തിൽ ആകെ 22,88,951 രൂപ നല്കാനാണ് അനുമതി ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിൽ ആകെ 8,56,660 രൂപ നൽകി. മണൽ ബണ്ട് നിർമ്മാണത്തിൽ എഞ്ചിനീയറിംഗ് വിഭാഗം ഒരു പ്രവൃത്തിയും ചെയ്തിട്ടില്ല. കടൽ കയറ്റവും

വെള്ളക്കെട്ടും തുടരെ ഉണ്ടാകുന്ന പ്രദേശമായതിനാൽ 2023 ജൂൺ, ജൂലൈ മാസങ്ങളിൽ നിർമ്മിച്ച താൽക്കാലിക മണൽ ബണ്ടിന്റെ വാല്യുവേഷൻ ഇപ്പോൾ തയ്യാറാക്കി നൽകുക അപ്രായോഗികമാണ്. ഇവയൊക്കെ പരിശോധിച്ച് ചീഫ് എഞ്ചിനീയർ വിശദമായ റിപ്പോർട്ടാണ് നൽകിയിരിക്കുന്നത്. ബാലൻസ് തുക ലഭിക്കുന്നതിന് കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ WP(C)നമ്പർ 691/2024 ആയി കേസ് ഫയൽ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പ്രവൃത്തിയുടെ നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സെക്രട്ടറിയിൽ നിന്നും വിശദീകരണം തേടണമെന്നും ബന്ധപ്പെട്ട ഫയൽ പരിശോധിക്കണമെന്നും ഹിയറിംഗ് നടത്തണമെന്നും ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

തീരുമാനം:- ചീഫ് എഞ്ചിനീയർ നൽകിയ റിപ്പോർട്ട് പ്രകാരം ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഗൗരവമായ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് യോഗം വിലയിരുത്തി. അതിനാൽ ഫയലുകൾ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറെ കൊണ്ട് വിശദമായി പരിശോധിപ്പിച്ചും ഹിയറിംഗ് നടത്തിയും തദ്ദേശസ്വയംഭരണ വകുപ്പുതലത്തിൽ തുടർനടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. കരാറുകാരൻ ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ ഇതിന്മേൽ 30 ദിവസത്തിനകം നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്റ്റേറ്റ് പെർഫോർമൻസ് ഓഫീസർ<br>2)തദ്ദേശസ്വയംഭരണ(ഡി.ബി/എ.എ) വകുപ്പ് |

**2.5 ഖണ്ഡിക 4.60**

**കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്**

കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറിയുടെ 21.06.2023-ലെ കത്ത് (SRG/908/2023)

വിഷയം:- തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇ-ലൈബ്രറി സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്

തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇ-ലൈബ്രറി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ട് നിർദ്ദേശം ബുക്ക് മാർക്ക് സെക്രട്ടറി നൽകിയിരിക്കുന്നു. മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 2000 ബുക്കുകൾ, മെഡിക്കൽ & എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ, സ്പോക്കൺ ഇംഗ്ലീഷ്, മത്സര പരീക്ഷ, IAS, KAS മത്സര പരീഷ, പൊതുവിജ്ഞാനം എന്നിവയുടെ ഡിജിറ്റൽ കോപ്പികളാണ് ഇ-ലൈബ്രറി കൊണ്ടുദ്ദേശിക്കുന്നത്. മുകളിൽ പറഞ്ഞവയുടെ ലൈസൻസോടെയുള്ള ഇ-ബുക്ക് ലഭ്യമാക്കുന്നു. 5 കമ്പ്യൂട്ടർ, കസേര, മേശ, UPS, വൈദ്യുതീകരണമടക്കമുള്ള കേബിൾ സൗകര്യം, പരിശീലനം തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ. കമ്പ്യൂട്ടറിന് 3 വർഷം വാറന്റി നൽകുമെന്നും ഓർഡർ ലഭിക്കുന്ന മുറയ്ക്ക് 3 ആഴ്ചയ്ക്കകം ഇവ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യമില്ലാതെയും ഇ-ലൈബ്രറി സൗകര്യം ലഭ്യമാക്കുന്നതാണ്. ഇത് നടപ്പാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണമുണ്ടാകണമെന്നതു സംബന്ധിച്ച്.

<u>06.03.2024-ലെ തീരുമാനം</u> :- ഈ പ്രൊപ്പോസൽ ബുക്ക് മാർക്ക് സെക്രട്ടറിയുമായി ചർച്ച ചെയ്ത് ചെലവടക്കമുള്ള കാര്യങ്ങളിൽ റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>06.06.2024 ന നൽകിയ റിപ്പോർട്ട്:-</u> രണ്ടു രീതിയിൽ പഞ്ചായത്തുകളിൽ ഇ-ലൈബ്രറി സ്ഥാപിക്കാവുന്നതാണ്.

1. പഞ്ചായത്തുകളിൽ കമ്പ്യൂട്ടറുകളുടെ സൗകര്യം ലഭ്യമാണെങ്കിൽ ആ കമ്പ്യൂട്ടറുകളിൽ ഇ-ലൈബ്രറി സംവിധാനം സജ്ജമാക്കാവുന്നതാണ്. ആയതിന് എസ്റ്റിമേറ്റ് പ്രകാരം 6,75,000 രൂപ യാണ് . (വിശദമായ റിപ്പോർട്ട് പ്ലാൻ A ആയി ചേർക്കുന്നു).

2. കമ്പ്യൂട്ടറുകളുടെ സൗകര്യം ഇല്ലാത്തപക്ഷം കമ്പ്യൂട്ടറുകളോടുകൂടി ഇ-ലൈബ്രറി സ്ഥാപിക്കുന്നതിന് 10,45,000 രൂപ ചെലവാകും. വിശദമായ റിപ്പോർട്ട് പ്ലാൻ B ആയി ചേർക്കുന്നു. ഇതിനായി പഞ്ചായത്ത് കുറഞ്ഞത് 150 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള സ്ഥലം ലഭ്യമാക്കേണ്ടതാണ്. ഇതിൽ കമ്പ്യൂട്ടർ, മേശ, കസേര,യു.പി.എസ്. ബാറ്ററി, കേബിളിംഗ് എന്നിവയോട് കൂടിയുള്ള ടോട്ടൽ സൈല്യൂഷനിലൂടെ ഇ-ലൈബ്രറി സജ്ജമാക്കാവുന്നതാണ്.

| | Product | Qty | Price |
|---|---|---|---|
| Plan A | e-Library solution<br><br>eBooks 2000 nos, Objective type question and answers for Medical & Engineering entrance exams<br>Question and answers for Bank test, PSC exams and other competitive exams,<br>Contents for IAS and KAS competitive exams Video explaining how to enjoy Kathakali<br>Chemistry video lab<br><br>Visual dictionary etc<br>Content management system. The application will have a user registration section, where user will be provided with a user name and password. The user can read books from this application as the feeling of live reading, option for zoom, find, index, etc.., for book reading is provided. The number of books read by each user can be recorded. | 1 | 6,75,000 |
| Plan B | The above-mentioned contents in 1 Corei5 computer as server and 5 Corei3 computers, 6 tables and chairs, UPS with battery backup of 2 hours, labour and material cost for the electrification of 6 computer points and one point for networking switch and labour and material cost of Data cabling, fixing of rack for networking, Setting up of Infrastructure, Installation and Training. | | 10,45,000 |

Terms & Conditions
1. Warranty- 3 years for computers, software and contents, 2 years for battery.
2. Delivery-within 3 weeks from the date of confirmed order.
3. Price quoted is inclusive of setting up the infrastructure, installation, and hand holding the concerned authorities, GST extra as actuals.

06.06.2024 -ലെ തീരുമാനം:- സാംസ്കാരിക വകുപ്പിന് കീഴിലാണ് ബുക്ക് മാർക്ക് പ്രവർത്തിക്കുന്നത് എന്ന് യോഗം നിരീക്ഷിച്ചു. ഇതിന്മേൽ ലൈബ്രറി കൗൺസിലിന്റെ അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |

**2.6 കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ൽ നടന്ന യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.6 ഖണ്ഡിക 3.8 (iii)**

**കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള പ്രോജക്ടുകൾ**

(i) വളരെ വർഷം മുമ്പ് സ്ഥാപിച്ച പൊതു ടാപ്പുകളുടെ അടിസ്ഥാനത്തിലാണ് പല തദ്ദേശഭരണ സ്ഥാപനങ്ങളിലും കുടിവെള്ള ചാർജ് KWA ഈടാക്കുന്നത്. KWAയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനവും 2024 ജൂലൈ 31 നകം സംയുക്ത പരിശോധന നടത്തി ഇപ്പോഴുള്ള പൊതു ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള ചാർജ് ഈടാക്കുന്ന രീതി നടപ്പാക്കണം. ഇതിനുവേണ്ട നിർദ്ദേശം KWA ചീഫ് എഞ്ചിനീയർ താഴെതലത്തിലേയ്ക്ക് നൽകണം. ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുമായും ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുമായും ചർച്ച ചെയ്യാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ റിപ്പോർട്ട്.

13.08.2024 ൽ നൽകിയ റിപ്പോർട്ട്:-

KWA ഉദ്യോഗസ്ഥരുമായി 27.06.2024-ൽ ചേർന്ന യോഗ തീരുമാന പ്രകാരം താഴെപ്പറയുന്നവയും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1) അതത് തദ്ദേശഭരണസ്ഥാപനവും KWA എഞ്ചിനീയറും തദ്ദേശഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച തീയതിക്കകം (2024 ജൂലൈ 31) പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന പൂർത്തിയാക്കു വാൻ നടപടി സ്വീകരിക്കണം. ഇപ്രകാരം ജൂലൈ 31-നകം സംയുക്ത പരിശോധന പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ തദ്ദേശഭരണസ്ഥാപനം സ്വന്തമായി പരിശോധന നടത്തി ആവശ്യമില്ലാത്തതും പ്രവർത്തനക്ഷമമല്ലാത്തതുമായ പൊതു ടാപ്പുകൾ കണ്ടെത്തി KWA യെ അറിയിക്കണം. നിലവിലെ പൊതു ടാപ്പുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കേണ്ടവയുണ്ടെങ്കിൽ അതിനുള്ള നടപടിയും സ്വീകരിക്കണം. തദ്ദേശഭരണസ്ഥാപനം വിവരം ലഭ്യമാക്കിക്കഴിഞ്ഞ് KWA കഴിവതും വേഗം (15 ദിവസത്തിനകം) ഇത് ക്രോസ് ചെക്ക് ചെയ്ത് തദ്ദേശഭരണസ്ഥാപനത്തെ അറിയിക്കണം. ഇങ്ങനെ അറിയിച്ചില്ലെങ്കിൽ തദ്ദേശഭരണസ്ഥാപനം സ്വന്തമായി പരിശോധന നടത്തി കണ്ടെത്തിയ പ്രകാരമുള്ള ടാപ്പുകളുടെ എണ്ണമനുസരിച്ച് കുടിവെള്ള ചാർജ്ജ് അടയ്ക്കുന്ന രീതി സ്വീകരിക്കാവുന്നതാണ്. ഒപ്പം സംസ്ഥാനത്തെ പൊതു ടാപ്പുകളുടെ എണ്ണം ജിയോ ടാഗിംഗിലൂടെ കണ്ടെത്തി ചിട്ടപ്പെടുത്താൻ KWA നടപടി സ്വീകരിക്കും.

13.08.2024 ലെ തീരുമാനം:- KWAയുമായി ചർച്ച ചെയ്ത് SRG നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുകളിൽ പറഞ്ഞ പരിശോധന പൂർത്തിയാക്കിയതിനുശേഷം ഒരോ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും പൊതുടാപ്പുകളുടെ എണ്ണം നൽകുവാൻ കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. സംയുക്ത പരിശോധനയ്ക്കുശേഷം പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ എണ്ണമനുസരിച്ച് കുടിവെള്ളചാർജ്ജ് ഈടാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടി അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകണമെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി<br>2)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ് |

**2.6 ഖണ്ഡിക 3.15**

**അടുക്കള നവീകരണം**

അടുക്കള നവീകരിക്കുന്നതിനായി പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. അടുക്കളയുടെ ഉപയോഗം കൂടുതൽ സൗഹാർദ്ദപരമാക്കാനും അടുക്കള ഉപയോഗിക്കുന്നവരുടെ സൗകര്യത്തിനും ആരോഗ്യ സുരക്ഷയ്ക്കും ഈ ആവശ്യം പരിഗണിക്കപ്പെടേണ്ടതുണ്ടെന്ന് 22.01.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം

അഭിപ്രായപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്.ആർ.ജി. പരിശോധിച്ച് താഴെപ്പറയുംപ്രകാരം റിപ്പോർട്ട് നൽകി.

അടുക്കള നവീകരണത്തിന്റെ ഭാഗമായി തറ ടൈൽ ഇടുക, സിങ്ക്, സ്ലാബ് സ്ഥാപിക്കുക, റാക്ക് സൗകര്യം ഏർപ്പെടുത്തുക എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുമതി പരിഗണിക്കാവുന്നതാണെന്ന് എസ്.ആർ.ജി. റിപ്പോർട്ട് ചെയ്തു. പരമാവധി 75,000 രൂപയിൽ പരിമിതപ്പെടുത്തി ധനസഹായം നൽകുന്നതാണ് അഭികാമ്യം. എന്നാൽ ലൈഫ് ഭവന പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ച പുതിയ വീടുകൾക്ക് ഇപ്രകാരം ധനസഹായം നൽകേണ്ടതില്ല. മുകളിൽ പറഞ്ഞ സൗകര്യം ഇല്ലാത്ത കുടുംബത്തിന് ധനസഹായം നൽകാവുന്നതാണ്.

എസ്.ആർ.ജി. നൽകിയ റിപ്പോർട്ട് വിശദമായി പരിശോധിച്ച് Genter Nuetral ആയ വിധത്തിൽ അടുക്കള നവീകരിക്കുന്നതിന് ഏതൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തേണ്ടത്, പരമാവധി നൽകാവുന്ന തുക എത്രയാണ് എന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ 06.06.2024-ൽ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും. അതിന്റെ മുൻഗണനാ മാനദണ്ഡങ്ങൾ നിർണ്ണയിക്കാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് റിപ്പോർട്ട് നൽകി.

**റിപ്പോർട്ട് :-** അടുക്കള നവീകരണത്തിന് 2.4m x 2.4 m അളവിലുള്ള ഒരു Medium sized kitchen നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

നിലവിലെ അടുക്കളയുടെ തറ demolish ചെയ്ത് 1:2:4 കോൺക്രീറ്റ് ഉപയോഗിച്ച് തറ ബലപ്പെടുത്തി, Ceramic Tile വിരിക്കുന്നതിനും, ഗ്രാനൈറ്റ് സ്ലാബ് ഉപയോഗിച്ച് പുതിയ കിച്ചൺ സ്ലാബ് സജ്ജീകരിക്കുന്നതിനും, MDF ഉപയോഗിച്ച് കിച്ചൺ കബോർഡ്, പ്ലാസ്റ്റർ റിപ്പയർ, dadoing, കിച്ചൺ സിങ്ക്, 200 ലിറ്റർ വാട്ടർ ടാങ്ക്, പ്ലംബിംഗ് ഇനങ്ങൾ, പെയിന്റിംഗ്, സോക്ക് പിറ്റ് നിർമ്മാണം എന്നീ പ്രവൃത്തികൾക്കായുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 6000/- രൂപ LS ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. DSR 2018 നിരക്കിൽ തിരുവനന്തപുരം ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് ആയ 35.59% ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. കരാറുകാരന്റെ ലാഭവിഹിതം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 18% നിരക്കിൽ ജി.എസ്.ടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എസ്റ്റിമേറ്റ് തുക 73,300/- രൂപ (ജി.എസ്.ടി ഉൾപ്പെടെ)

പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അടുക്കള നവീകരണം എന്ന പ്രവൃത്തിക്കായി പരമാവധി 75,000/- (എഴുപത്തിയയ്യായിരം) രൂപ വരെ അനുവദിക്കാവുന്നതാണ്.

തീരുമാനം : ഇതു സംബന്ധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |

**2.6 ഖണ്ഡിക 4.3**

**<u>കൊടുങ്ങല്ലൂർ നഗരസഭ</u>**

കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയുടെ 29.12.2023-ലെ PH4 - 7200/14-ാം നമ്പർ കത്തുകൾ (രണ്ടെണ്ണം) (SRG/66/2024)

**വിഷയം:-** കുടിവെള്ള കുടിശ്ശിക ഗഡുക്കളായി അടയ്ക്കുന്നത് സബന്ധിച്ച്

കൊടുങ്ങല്ലൂർ നഗരസഭ KWAക്ക് നൽകേണ്ട കുടിവെള്ള കുടിശ്ശിക 40.00 കോടി രൂപയാണ്. KWAയുമായി ചർച്ച ചെയ്ത് ഇത് ഒറ്റത്തവണ തീർപ്പാക്കലിൽ 14.88 കോടി രൂപയായി കുറവു ചെയ്തു. എന്നാൽ നിർദ്ദേശിച്ച തുക അടയ്ക്കാത്തതിനാൽ ഇപ്പോൾ 17.70 കോടി രൂപ അടയ്ക്കണം. KWA ജപ്തി നടപടി ആരംഭിക്കുമെന്നറിയിച്ചിട്ടുണ്ട്. ഒറ്റത്തവണയായി അടയ്ക്കുന്നതിന് പകരം ഗഡുക്കളായി അടച്ചാൽ മതിയെന്ന് KWAയുമായി ധാരണയായിട്ടുണ്ട്.

ഇതിനായി കഴിഞ്ഞ വർഷം (2023-24) 1.00 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (വികസനഫണ്ട് ജനറൽ 75,98,720 രൂപ + സി.എഫ്.സി. ബേസിക് ഗ്രാന്റ് 24,01,280 രൂപ ) ഈ തുക ഗഡുക്കളായി അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>06.06.2024-ലെ തീരുമാനം:</u>**-നഗരസഭ നൽകിയ വിവരങ്ങൾ അനുസരിച്ച് 2014 ൽ 1074 പൊതു ടാപ്പുകൾ ഉണ്ട്. ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി KWA യുമായി ചേർന്ന് സംയുക്ത പരിശോധന നടന്നുവരികയാണ്. 2014 മുതൽ നഗരസഭയ്ക്ക് ലഭിക്കേണ്ട ഫണ്ടിൽ നിന്ന് ധനവകുപ്പ് സ്രോതസ്സിൽ തന്നെ കുറവ് ചെയ്ത് KWAയ്ക്ക് നൽകിയിട്ടുണ്ട്. നഗരസഭ നേരിട്ടും KWA ക്ക് കുടിവെള്ള ചാർജ്ജ് അടച്ചിട്ടുണ്ട്. ഇവ കോഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. നഗരസഭ റിപ്പോർട്ടിൽ അവ്യക്തതയുണ്ട്.

ഈ സാഹചര്യത്തിൽ നഗരസഭ അധികൃതരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ KWA ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:**- കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിക്ക് 01.07.2024-ൽ 729 പൊതു ടാപ്പുകൾ ആണ് ഉള്ളത്. അമൃത് പദ്ധതി പ്രകാരം ഈ പ്രദേശങ്ങളിൽ 4000 ഗാർഹിക കണക്ഷനുകൾ നൽകി കഴിഞ്ഞു. 01.07.2024-ലെ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയുടെ കുടിശ്ശിക 19,90,54,898 രൂപയാണ്. നേരിലും ഫോൺ മുഖാന്തിരവും അറിയിച്ചതു കൂടാതെ Pre - RR Notice 08.04.2024-ന് നൽകുകയും ചെയ്തു. എന്നിട്ടും മുനിസിപ്പാലിറ്റി കുടിശ്ശിക തുക അടയ്ക്കാത്തതിനെ തുടർന്ന് 23.05.2024ൽ 18,64,85,617/- രൂപയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. 01.07.2024 വരെയുള്ള കുടിശ്ശിക 19,90,54,893 രൂപയാണ്.

തീരുമാനം:- റവന്യൂ റിക്കവറി നടപടി കൂടി സ്വീകരിച്ച സാഹചര്യത്തിൽ നിലവിലെ കുടിശ്ശിക അടയ്ക്കാൻ നിർദ്ദേശം നൽകുന്നു

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ് |

**<u>2.7 കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024 -ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**2.7 ഖണ്ഡിക 3.2**

**<u>അതിദരിദ്ര കുടുംബങ്ങളുടെ പ്രത്യേക വിവരശേഖരണം</u>**

അതിദരിദ്ര കുടുംബങ്ങൾക്ക് ഇവരുടെ ക്ലേശഘടനം/ആവശ്യം അനുസരിച്ച് മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ചില അതിദരിദ്ര കുടുംബങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വീട് നിർമ്മാണമടക്കമുള്ള വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്തതിന്റെ ഭാഗമായി ജപ്തി നടപടി നേരിടുന്നുണ്ട്. ഇവരിൽ ചിലർക്കെങ്കിലും വായ്പ തുക തിരികെ അടച്ച് ജപ്തി നടപടിയിൽ നിന്ന് വിമുക്തരാകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഉദാ: ഇന്നത്തെ യോഗ മിനിട്സിന്റെ ഖണ്ഡിക 4.6 ൽ പരാമർശിക്കുന്ന ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ കുടുംബം. ഈ പ്രശ്നം സംബന്ധിച്ച് ഒരു പഠനം നടത്തുവാൻ യോഗം തീരുമാനിച്ചു. അതിദരിദ്ര ലിസ്റ്റിലുള്ള 300 കുടുംബങ്ങളെ റാൻഡമായി തെരഞ്ഞെടുത്ത് പഠനം നടത്തി റിപ്പോർട്ട് നൽകാൻ സംസ്ഥാന ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിനെ യോഗം ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ്, ഡി.പി. ഡിവിഷൻ<br>2) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**2.7 ഖണ്ഡിക 3.4**

**<u>അലോപ്പതി മരുന്നു വാങ്ങൽ</u>**

പദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022 -ലെ 115/2022/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) ഖണ്ഡിക 7.64 പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ. KMSCL യിൽ നിന്നു മരുന്നു ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്നും മരുന്നു വാങ്ങാം. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയേറ്റീവ് പ്രവർത്തനമടക്കമുള്ള അത്യാവശ്യ മരുന്നുകൾ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലറ്റുകളിൽ നിന്ന് വാങ്ങാൻ അനുമതിയുണ്ട്.

എന്നാൽ ജൻഔഷധി അടക്കമുള്ള മുകളിൽ പറഞ്ഞ സപ്ലൈകോ, മാവേലിസ്റ്റോർ, കാരുണ്യ തുടങ്ങിയവയുടെ ഔട്ട് ലറ്റുകൾക്കും പിന്നീട് കൂട്ടിച്ചേർത്ത നീതി സ്റ്റോറുകളുടെ ഔട്ട് ലറ്റുകൾക്കും ചില്ലറ വിൽപ്പനയ്ക്കുള്ള ലൈസൻസ് മാത്രമാണ് ഉള്ളത്. മൊത്ത വിൽപ്പന (Whole Sale) നുള്ള ലൈസൻസ് ഇല്ല. ഈ സാഹചര്യത്തിൽ ഈ വിഷയം ആരോഗ്യവകുപ്പ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ എന്നിവരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**2.7 ഖണ്ഡിക 3.5**

**ജലസ്രോതസ്സുകളുടെ പരിപാലനം**

കേരളത്തിലെ ജലസ്രോതസ്സുകൾ മലിനമാകുന്നത് നിയന്ത്രിക്കേണ്ടതുണ്ട്. ജലജന്യ രോഗങ്ങൾ ഉണ്ടാകാതിരിക്കുവാൻ ആരോഗ്യവകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റ ബന്ധപ്പെട്ട വകുപ്പുകളും ജാഗ്രതയും ഇടപെടലും നടത്തണം. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയും പ്രോട്ടോക്കോളും തദ്ദേശസ്വയംഭരണ വകുപ്പുമായി ചർച്ച ചെയ്ത് തയ്യാറാക്കി നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**2.7 ഖണ്ഡിക 4.6**

**ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.05.2024, 24.05.2024 എന്നീ തീയതികളിലെ കത്തുകളും ചെറുന്നിയൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 03.10.2022–ലെ 28–ാം നമ്പർ തീരുമാനവും അനുബന്ധമായി ചേർത്തിരിക്കുന്ന രേഖകളും (SRG/463/24 – CC/189/24)**

**വിഷയം:–** അതിദരിദ്ര കുടുംബത്തിൽപ്പെട്ട ശ്രീമതി.രാധാമണിക്ക് വീട്ടു നിർമ്മാണം പൂർത്തിയാക്കാൻ ധനസഹായം നൽകുന്നത് സംബന്ധിച്ച്

ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി.രാധാമണി വലിയമൂലയിൽ എന്ന വ്യക്തി അതിദരിദ്ര്യലിസ്റ്റിൽ ഉൾപ്പെട്ടതാണ്. 77 വയസ്സുള്ള ഇവർക്ക് മക്കൾ ഇല്ല. ഭർത്താവായ ശ്രീ രവീന്ദ്രനുമായി റെയിൽവെ പുറമ്പോക്കിലാണ് താമസം. 2018 –ൽ PMAY പദ്ധതിയിൽ ഇവർക്ക് വീട്ടു നിർമ്മാണത്തിന് ധനസഹായമായി 4.00 ലക്ഷം രൂപ ലഭിച്ചു. മുഴുവൻ തുകയും കൈപ്പെറ്റിയെങ്കിലും വീട്ടു നിർമ്മാണം പൂർത്തിയായില്ല. വീട് പൂർത്തീകരിക്കുന്നതിന് 2.50 ലക്ഷം രൂപ കൂടി വേണം.

വീടിന് തറ കെട്ടുന്നതിന് ഇവരുടെ പേരിലുള്ള 3 സെന്റ് സ്ഥലവും ബന്ധുവിന്റെ സ്ഥലവും ചെറുന്നിയൂർ സഹകരണ ബാങ്കിൽ ഈടുവച്ച് ശ്രീ.രവീന്ദ്രൻ 50,000 രൂപ വായ്പ എടുത്തിരുന്നു. 3,124 രൂപ മാത്രമാണ് തിരികെ അടച്ചത്. ബാങ്ക് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. രവീന്ദ്രൻ 2020–ൽ ട്രെയിൻ അപകടത്തിൽ മരണപ്പെട്ടു. പലിശ ഒഴിവാക്കി മുതൽ മാത്രം അടച്ചുകൊണ്ട് വായ്പ ക്ലോസ് ചെയ്യാൻ ബാങ്ക് ഭരണസമിതി 02.02.2024–ൽ തീരുമാനമെടുത്തിട്ടുണ്ട്. ബാങ്ക് വായ്പ നൽകുന്ന സമയത്ത് ശ്രീ.രവീന്ദ്രന് 70 വയസ്സായതിനാൽ സഹകരണ വകുപ്പിന്റെ റിസ്ക് ഫണ്ട് പദ്ധതിയിൽപ്പെടില്ല എങ്കിലും റിസ്ക് ഫണ്ട് നൽകണമെന്ന് സഹകരണ റിസ്ക് ഫണ്ട് ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെടാൻ ബാങ്ക് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബമെന്ന നിലയിൽ വയറിംഗ് അടക്കം വീട് പൂർത്തീകരിക്കാനാവശ്യമായ 2.50 ലക്ഷം രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**13.08.2024 –ലെ തീരുമാനം:–** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2) തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**2.7 ഖണ്ഡിക 4.20**

**കൊല്ലം കോർപ്പറേഷൻ**

കൊല്ലം കോർപ്പറേഷൻ മേയറുടെ 15.06.2024-ലെ C1/40/24 -ാം നമ്പർ കത്ത് (SRG/531/24)

വിഷയം:- സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

കൊല്ലം കോർപ്പറേഷൻ 2024-25 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന പ്രോജക്ടുകൾ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSCADC) മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. തുക ഡെപ്പോസിറ്റ് ചെയ്യാവുന്ന ഏജൻസി എന്ന ഗണത്തിൽ KSCADC യെ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്.

| പ്രോജക്ടിന്റെ നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 567/25 | അഷ്ടമുടി കായൽ വാട്ടർ സ്പോർട്സ് ഹബ്ബ് നിർമ്മാണം | 75,00,000 (ഡെവലപ്മെന്റ് ഫണ്ട് ജനറൽ 50 ലക്ഷം രൂപ തനത് ഫണ്ട് - 25 ലക്ഷം രൂപ) |
| 508/25 | എസ്.എം.പി. പാലസിന് മുന്നിലുള്ള കൾച്ചറൽ സ്ട്രീറ്റ് സൗന്ദര്യവൽക്കരണം | 25,00,000 (ഡെവലപ്മെന്റ് ഫണ്ട് ജനറൽ ) |
| 509/25 | ക്യൂ.എ.സി. സ്പോർട്സ് റോഡ് സൗന്ദര്യവൽക്കരണം | 25,00,000 (ഡെവലപ്മെന്റ് ഫണ്ട് ജനറൽ ) |
| 510/25 | എസ്.എൻ. കോളേജ് ജംഗ്ഷൻ കർബല സ്റ്റുഡന്റ്സ് സ്ട്രീറ്റിൽ എൽ.ഇ.ഡി. വാൾ സ്ഥാപിക്കൽ | 40,00,000 (ഡെവലപ്മെന്റ് ഫണ്ട് ജനറൽ ) |

13.08.2024 -ലെ തീരുമാനം : തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർമ്മാണം നടത്താൻ കഴിയുന്നവയാണോ ഈ പ്രോജക്ടുകൾ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അധിക ജോലിഭാരം പരിഗണിച്ച് മുകളിൽ പറഞ്ഞ പ്രവൃത്തികൾ PMC വ്യവസ്ഥയിൽ ടെണ്ടർ ചെയ്ത് അക്രഡിറ്റഡ് ഏജൻസികളെ ആവശ്യമെങ്കിൽ ഏൽപ്പിക്കാവുന്നതാണ്. ധന വകുപ്പിന്റെ 27.07.2024-ലെ 78/2023/ധന നമ്പർ ഉത്തരവ് പ്രകാരം KSCADC ക്ക് PMC ആയി സിവിൽ വർക്കുകൾ ഏറ്റെടുക്കുന്നതിന് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. ആയതിനാൽ KSCADC ക്ക് PMC വ്യവസ്ഥയിൽ സെന്റേജ് ചാർജിനു വേണ്ടി ക്വാട്ട് ചെയ്ത് ടെണ്ടർ നടപടികളിൽ പങ്കെടുത്ത് പ്രവൃത്തി ചെയ്യാവുന്നതാണ്. ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നേരിട്ട് KSCADC യെ ഏൽപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

തീരുമാനം:- KSCADC സിവിൽ വർക്കുകളുടെ PMC മാത്രമായതിനാൽ ടെണ്ടർ നടപടിയിലൂടെ PMC ആയി KSCADC യെ പ്രവൃത്തി ഏൽപ്പിക്കാവുന്നതാണ്. PMC എന്ന നിലയിലുള്ള മാനദണ്ഡങ്ങൾ പാലിക്കണം. എന്നാൽ തുക KSCADC ക്ക് ഡെപ്പോസിറ്റ് ചെയ്യാവുന്നതല്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**2.7 ഖണ്ഡിക 4.23**
**<u>കുടുംബശ്രീ</u>**

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.05.2024 -ലെ 1152/D/2020/KSHO നമ്പർ കത്തും അനുബന്ധരേഖകളും സർക്കാർ ഫയലും (SRG/628/24 IA1/250/2022/LSGD)

വിഷയം:- കുടുംബശ്രീയുടെ കീഴിലുള്ള വിവിധ അപ്പാരൽ/ ചെറുകിട യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്

മറ്റു സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് കുടുംബശ്രീയുടെ തയ്യൽ യൂണിറ്റുകളിൽ നിന്ന് ഉല്പന്നങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 25.09.2021-ലെ 19/2021/SPD സർക്കാർ ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. ഈ ഉത്തരവിന്റെ കാലാവധി 01.07.2022-നു അവസാനിച്ചു. ഇതിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകാൻ 18.06.2023-ൽ കുടുംബശ്രീ സർക്കാരിനോടാവശ്യപ്പെട്ടിരുന്നു. ആവശ്യം തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റോർ പർച്ചേസ് വകുപ്പിന് നൽകിയെങ്കിലും **"തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒരു മിഷൻ പ്രോജക്ടായി പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം ടെണ്ടർ ഇളവ് അനുവദനീയമായ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാറ്റഗറിയിൽപ്പെടുന്നതല്ല"** എന്നതടക്കമുള്ള കാരണങ്ങൾ ചൂണ്ടിക്കാട്ടി ആവശ്യം നിരസിച്ചു. എന്നാൽ ഇത്തരം കുടുംബശ്രീ യൂണിറ്റുകളെ അംഗീകൃത ഗവൺമെന്റ് ഏജൻസികളുടെ ലിസ്റ്റിൽ (Accredited Agencies) ഉൾപ്പെടുത്തുന്നതിന് ധനവകുപ്പുമായി ആലോചിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതാണെന്ന് സ്റ്റോർ പർച്ചേസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തയ്യൽ സംബന്ധമായ ജോലികൾ ടെണ്ടർ നടപടി കൂടാതെ കുടുംബശ്രീ തയ്യൽ യൂണിറ്റിന് നേരിട്ട് നൽകാൻ സാധിക്കുംവിധം ഇത്തരം സേവനങ്ങൾ നൽകുന്ന അംഗീകൃത ഗവൺമെന്റ് ഏജൻസികളുടെ ലിസ്റ്റിൽ (Accredited Agencies) കുടുംബശ്രീയെ ഉൾപ്പെടുത്തണമെന്നു സംബന്ധിച്ച്. ഇതിന്മേൽ റിപ്പോർട്ടിനായി കില ഡയറക്ടർ ജനറലിനു നൽകി. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാൻ ഡയറക്ടർ ജനറൽ മറുപടി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ഫയൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.

**13.08.2024 -ലെ തീരുമാനം:-** കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തന പരിചയം, സാങ്കേതിക മേന്മ, ഉല്പന്നങ്ങളുടെ ഗുണമേന്മ എന്നിവ പരിശോധിച്ച് ഏതൊക്കെ കുടുംബശ്രീ യൂണിറ്റുകളെയാണ് ഇപ്രകാരം അക്രഡിറ്റഡ് ഏജൻസിയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതെന്ന് ലിസ്റ്റു സഹിതം നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ<br>2)തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**3. പൊതുവിഷയം**
================

**3.1 PMAY - ലൈഫ് പ്രോജക്ടുകളുടെ വെറ്റിംഗ്**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.2018-ലെ യോഗ തീരുമാനം (ഖണ്ഡിക 3.10) പ്രകാരം മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റെയും ഭവന നിർമ്മാണ പ്രോജക്ടുകൾ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്ററാണ് വെറ്റു ചെയ്യേണ്ടത്. ഇതനുസരിച്ച് 26.12.2018-ൽ DA1/881/2018/തസ്വഭവ പ്രകാരം സർക്കുലർ ഇറക്കിയിട്ടുണ്ട്. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും വേണ്ടിയുള്ള 19.04.2022 ലെ 86/2022/തസ്വഭവ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 3.8.1.(2) ൽ കുടുംബശ്രീ മിഷൻ കോഓർഡിനേറ്റർ വെറ്റു ചെയ്യേണ്ട

പ്രോജക്ടുകളുടെ പട്ടികയിൽ PMAY അർബൻ ലൈഫ് ഭവന പദ്ധതി പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല. PMAY അർബൻ - ലൈഫ് ഭവന നിർമ്മാണ പദ്ധതി കുടുബശ്രീ മുഖേനയാണ് നടപ്പാക്കുന്നത്. അതിനാൽ PMAY – അർബൻ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾ 30.11.2018-ലെ DA1/881/2018/തസ്വഭവ സർക്കുലറിൽ പ്രതിപാദിക്കും പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ തന്നെ വെറ്റ ചെയ്യണമെന്ന് വ്യക്തത വരുത്തുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 3.2 സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.12.2016-ലെ യോഗ തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണവകുപ്പിൽ നിന്ന് ഒരു ജൂനിയർ സൂപ്രണ്ടിനേയും ഒരു സീനിയർ ക്ലാർക്കിനെയും എസ്.ആർ.ജി. ഓഫീസിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിരുന്നു. 20.10.2021ൽ എസ്.ആർ.ജി. പുനഃസംഘടിപ്പിച്ചപ്പോൾ ഇവരെ രണ്ടുപേരെയും എസ്.ആർ.ജി.യിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ തുടരുവാൻ സർക്കാർ ഉത്തരവായിരുന്നു.

ഇപ്പോൾ രണ്ടു പോസ്റ്റും ഒഴിഞ്ഞു കിടക്കുകയാണ്. ഈ സാഹചര്യത്തിൽ 28.12.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെയും തുടർന്നുള്ള സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ജനകീയാസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും പരിചയവും വൈദഗദ്ധ്യവുമുള്ള ഒരു ജൂനിയർ സൂപ്രണ്ടിനെയും കോഓർഡിനേഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന് സഹായിക്കുന്നതിനായി ഒരു ക്ലർക്കിനെയും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും എസ്.ആർ.ജി. ഓഫീസിൽ അടിയന്തിരമായി നിയമിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4. പ്രത്യേക വിഷയം

=================

### 4.1 ചെമ്മനാട് ഗ്രാമപഞ്ചായത്ത്

ബഹു.മന്ത്രി 03.09.2024-ന് കാസർഗോഡ് ജില്ലയിൽ നടത്തിയ തദ്ദേശ അദാലത്തിലെ തീരുമാനവും കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.06.2024 -ലെ കത്തും ചെമ്മനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിയുടെ 24.05.2024-ലെ SC3/4040/24-ാം നമ്പർ കത്തും പ്രിൻസിപ്പൽ ഡയറക്ടറുടെ 17.09.2024-ലെ LSGD/PD/32321/2024 - DPLA 1 നമ്പർ കത്തും അനുബന്ധരേഖകളും (SRG/571/24 - CC/337/24) (തദ്ദേശ അദാലത്ത്)

വിഷയം:- കോട്ടരുവം വളപ്പോത്ത് KSTP റോഡിനു കിഴക്കുവശം റോഡ് നവീകരണം

| | | |
|---|---|---|
| *പ്രോ.നം: 449/23* | *അടങ്കൽ* | *5,00,000 രൂപ (തനത് ഫണ്ട്)* |
| *പേര്* | *കോട്ടരുവം വളപ്പോത്ത് KSTP റോഡിനു കിഴക്കുവശം റോഡ് നവീകരണം* | |

കാസർഗോഡ്-കാഞ്ഞങ്ങാട് KSTP റോഡിന്റെ പാർശ്വഭാഗത്ത് PWD യുടെ ഉടമസ്ഥതയിലുള്ള കുന്നും പ്രദേശത്ത് റോഡ് നിർമ്മിക്കുന്നതിന് 2022-23-ൽ പ്രോജക്ട്

ഏറ്റെടുത്തിരുന്നു. ഇവിടെ റോഡ് നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പ് NOC നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടി ടെണ്ടറിലൂടെ കരാറുകാരനെ കണ്ടെത്തി പ്രവൃത്തി തുടങ്ങി. നിർമ്മാണം പകുതിയായെങ്കിലും പ്രവൃത്തി നടപ്പാക്കുന്നത് PWD സ്ഥലത്തായതിനാൽ ചെക്ക് മെഷർമെന്റ് ചെയ്യാൻ കഴിയില്ല എന്നറിയിച്ചുകൊണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രവൃത്തി തടസ്സപ്പെടുത്തി. 30 കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്നതാണ് നിർദ്ദിഷ്ട മൺറോഡ്. നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി പ്രവൃത്തി പകുതിയായതിന് ശേഷമാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തടസ്സവാദമുന്നയിച്ചത് എന്ന് ചൂണ്ടികാണിച്ചുകൊണ്ട് റോഡ് നിർമ്മാണം പൂർത്തിയാക്കാൻ അനുമതി സംബന്ധിച്ച് .

തീരുമാനം :- PWD ഉടമസ്ഥതയിലുള്ള സ്ഥലത്ത് PWD നൽകിയ NOC യുടെ അടിസ്ഥാനത്തിലാണ് നിർമ്മാണം ആരംഭിച്ചത് എന്നതും 30 കുടുംബത്തിന് പ്രയോജനപ്പെടുന്നതാണ് ഈ റോഡ് എന്നതും പരിഗണിച്ച് അനുമതി നൽകുന്നു

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

### 4.2 പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.08.2024-ലെ SC - 1/995/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/789/24) (തദ്ദേശ അദാലത്ത് )

വിഷയം:- ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിനു പകരം ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച്

ലൈഫ് 2020 പദ്ധതിയിൽ 112 കുടുംബങ്ങളും ലൈഫ് ഫേസ് III ൽ 30 കുടുംബങ്ങളും ഉൾപ്പെടെ 142 പേർ ഭൂരഹിത ഭവന ലിസ്റ്റിൽ ഉണ്ട്. ഈ ലിസ്റ്റിൽ നിന്ന് 42 കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ലൈഫ് മിഷന് വിട്ടു നൽകിയിരുന്നു. എന്നാൽ റോഡിന് മതിയായ വീതി ഇല്ലാത്തതിനാൽ അഗ്നിരക്ഷാസേനയുടെ NOC ലഭിച്ചില്ല. റോഡിന് വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കാൻ കഴിയില്ല. അതിനാൽ ഭവനസമുച്ചയത്തിനു പകരം ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനായി ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ ആവശ്യപ്പെട്ട പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 14 സെന്റ് സ്ഥലം കൂടി ലൈഫ് മിഷന് നൽകാൻ ഗ്രാമപഞ്ചായത്ത് 21.01.2024 ൽ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഈ വിവരം 02.02.2024-ൽ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമൊന്നുമായില്ല. അതിനാൽ കാലതാമസമൊഴിവാക്കി ക്ലസ്റ്റർ ഹോം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

തീരുമാനം:- ക്ലസ്റ്റർ ഹോമുകൾ നിർമ്മിക്കുമ്പോൾ ഉള്ള യൂണിറ്റ് ചെലവ് എത്രയാണ്, എത്ര കുടുംബങ്ങൾക്കാണ് വീട് നിർമ്മിക്കുന്നത്, എത്ര സ്ഥലം ആവശ്യമായി വരും, ഇതിനായി CSR/ സംഭാവന ലഭിക്കാൻ സാധ്യതയുണ്ടോ തുടങ്ങിയ വിവരങ്ങൾ നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എക്സിക്യൂട്ടീവ ഓഫീസർ, ലൈഫ് മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

### 4.3 കുമളി ഗ്രാമപഞ്ചായത്ത്

കുമിളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് - ബഹു.തദ്ദേശസ്വയംഭരണ-എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി 30.08.2024നു നടത്തിയ കുമളി ജില്ലാതല അദാലത്തിൽ

നൽകിയ കത്തും (Online) അനുബന്ധ കുറിപ്പുകളും ഡോക്കറ്റ് നമ്പർ PLIDK 10619000029 (SRG/808/24) (തദ്ദേശ അദാലത്ത്)

വിഷയം:- ഹൈറേഞ്ച് മേഖലയിൽ വയോജനങ്ങൾക്ക് കമ്പിളി പുതപ്പ് നൽകുന്നത് സംബന്ധിച്ച്

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം (14.02.2018-ലെ 22/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) ഇടുക്കി, വയനാട് ജില്ലകളിലെ വൃദ്ധർക്ക് കമ്പിളി വാങ്ങി നൽകാൻ അനുമതിയുണ്ടായിരുന്നു. എന്നാൽ പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022-ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) കമ്പിളി വാങ്ങി നൽകുന്നതു സംബന്ധിച്ച് പരാമർശമില്ല. അതിനാൽ ഇടുക്കി, വയനാട് ജില്ലകളിലെ നിർദ്ധനരായ ജനങ്ങൾക്ക് കമ്പിളി പുതപ്പ് നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:-
1) ഹൈറേഞ്ച് പ്രദേശത്തെ ബി.പി.എൽ കുടുംബത്തിലെ വയോജനങ്ങൾക്ക് കമ്പിളി പുതപ്പ് വാങ്ങി നൽകുന്നത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താൻ ബഹു.മന്ത്രി 30.08.2024-ലെ ഇടുക്കി ജില്ലയിലെ അദാലത്തിൽ ഉത്തരവായിട്ടുണ്ട്.
2) മാർഗ്ഗരേഖയിൽ പറയുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ഹൈറേഞ്ച് പ്രദേശത്തെ ഗ്രാമപഞ്ചായത്തു കളിലെ 60 വയസ്സ കഴിഞ്ഞ വയോജനങ്ങൾക്കും പാലിയേറ്റീവ് രോഗികൾക്കും കമ്പിളി പുതപ്പ് നൽകുന്നതിന് അനുമതി നൽകുന്നു. 240 cm x 220 cm നീളവും വീതിയും 2.30 kg തൂക്കവുമുള്ള ഒരു പുതപ്പിന് പരമാവധി 1000 രൂപ നിരക്കിൽ വാങ്ങി നൽകാവുന്നതാണ്. മാനദണ്ഡ പ്രകാരമുള്ള വാങ്ങൽ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.4 കൊല്ലം ജില്ലാ പഞ്ചായത്ത്

ബഹു.മന്ത്രി കൊല്ലം ജില്ലയിൽ 23.08.2024-ന്ന നടത്തിയ തദ്ദേശ അദാലത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് 23.08.2024-ലെ CA1/2022-ാം നമ്പർ പ്രകാരം നൽകിയ കത്തും തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 25.07.2024-ലെ ROC/9299/23/M നമ്പർ ഉത്തരവും (SRG/806/24) (തദ്ദേശ അദാലത്ത്)

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്ഥലത്ത് വഴിയോര വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതു സംബന്ധിച്ച്

കൊല്ലം ജില്ലാ പഞ്ചായത്ത് 'തണ്ണീർ പന്തൽ' എന്ന പേരിൽ ടേക്ക് എ ബ്രേക്ക് മാതൃകയിൽ വഴിയോര വിശ്രമകേന്ദ്രം നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള കൊല്ലം കുളത്തുപ്പുഴ ശ്രീധർമ്മ ശാസ്താക്ഷേത്രത്തിനോട് ചേർന്നുള്ള സ്ഥലത്ത് വഴിയോര വിശ്രമകേന്ദ്രം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിന് ദേവസ്വം ബോർഡ് 25.07.2024-ൽ അനുമതി നൽകിയിട്ടുണ്ട്. വഴിയോര വിശ്രമകേന്ദ്രത്തിനോടനുബന്ധിച്ച് നിർമ്മിക്കുന്ന കഫത്തേരിയ ലേലം ചെയ്യുമ്പോൾ ലേല തുകയുടെ 50 ശതമാനം 15 വർഷത്തേയ്ക്ക് ജില്ലാ പഞ്ചായത്തിനു നൽകാൻ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- ദേവസ്വം ബോർഡിന്റെ സ്ഥലമാണെങ്കിലും എല്ലാ വിഭാഗത്തിലുംപ്പെട്ട പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുമെന്നുറപ്പാക്കണമെന്ന നിബന്ധനയോടെ ടേക്ക് എ ബ്രേക്ക് മാതൃകയിൽ കോംപ്ലക്സ് നിർമ്മിക്കാൻ അനുമതി നൽകുന്നു. എന്നാൽ ഇതിനായി പ്രോജക്ട് തയ്യാറാക്കി വിശദാംശം സഹിതം ജില്ലാ ആസൂത്രണസമിതിക്ക് നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ് |

## 4.5 കൊറ്റനാട് ഗ്രാമപഞ്ചായത്ത്

ബഹു.മന്ത്രി 10.09.2024-ന് പത്തനംതിട്ടയിൽ നടത്തിയ ജില്ലാതല തദ്ദേശ അദാലത്തിൽ ശ്രീ രാജേഷ് ഡി. നായർ നൽകിയ കത്തും സർക്കാരിന്റെ 18.09.2024-ലെ LSGD/PD1/32761/2024 - DPCA1 നമ്പർ കത്തും (SRG/849/24 ) (തദ്ദേശ അദാലത്ത് )

വിഷയം:- പട്ടയം ലഭിച്ചിട്ടില്ലാത്തവർക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം സബ്സിഡി/ധനസഹായം നൽകുന്നത് സംബന്ധിച്ച്

കൊറ്റനാട് ഗ്രാമപഞ്ചായത്തിലെ 2, 3, 4 വാർഡുകളിലെ 512 കർഷകരുടെ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല. അതിനാൽ ഇവർക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഭവന നിർമ്മാണം തുടങ്ങിയവയ്ക്ക് ധനസഹായം ലഭിക്കുന്നില്ല. അഞ്ചു തലമുറയായി വനപരിധിക്ക് പുറത്ത് താമസിക്കുന്ന ഇവർക്ക് മാനദണ്ഡങ്ങളിൽ ഇളവു വരുത്തി എല്ലാവിധ ആനുകൂല്യങ്ങളും നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം:- വർഷങ്ങളായി കൈവശം വച്ച് താമസിച്ചുവരുന്നതും എന്നാൽ ഇതുവരെ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിയിൽ താമസിക്കുന്നവർക്ക് കൃഷി മേഖലയിലും അനുബന്ധമേഖലയായ മൃഗസംരക്ഷണമടക്കമുള്ളവയ്ക്ക് താൽക്കാലിക സ്വഭാവമുള്ളതും എടുത്തു മാറ്റാവുന്നതുമായ നിർമ്മാണങ്ങൾ, കാലിത്തൊഴുത്ത് , പൗൾട്രി ഫാം തുടങ്ങിയവയ്ക്ക് ധനസഹായം നൽകാവുന്നതാണ്. ഇതിനുള്ള യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കണം. പൊതു വിഭാഗത്തിന് 50 ശതമാനവും പട്ടികജാതി വിഭാഗത്തിന് 75 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനവും സബ്സിഡി നൽകാവുന്നതാണ്. കാലിത്തൊഴുത്തും ഷെഡും നിർമ്മിക്കുന്നതിന് MGNREGS വിഹിതം പരമാവധി ഉപയോഗിക്കണം. MGNREGS വിഹിതം ഉപയോഗിക്കാൻ കഴിയില്ലെങ്കിൽ മാത്രമേ മറ്റു വിഹിതം ഉപയോഗിക്കാവൂ.

ഒപ്പം നിലവിലെ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് നിർദ്ദേശിച്ചിരിക്കുന്ന മറ്റു രേഖകളുടെ അടിസ്ഥാനത്തിൽ വീട് നിർമ്മിക്കുന്നതടക്കമുള്ളവയ്ക്ക് ധനസഹായം നൽകുന്നത് തുടരാവുന്നതാണെന്ന് വ്യക്തത വരുത്തുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.6 നാറാത്ത് ഗ്രാമപഞ്ചായത്ത്

ബഹു.മന്ത്രി 02.09.2024-ൽ കണ്ണൂർ ജില്ലയിൽ നടത്തിയ ജില്ലാതല അദാലത്തിൽ ശ്രീ.അഷിൻ, അഷിൻ വില്ല, കണ്ണാടി പറമ്പ് എന്ന വ്യക്തി നൽകിയ കത്ത് (SRG/850/24) (തദ്ദേശ അദാലത്ത് )

വിഷയം:- സെറിബ്രൽ പാൾസി ബാധിച്ച വ്യക്തിക്ക് ഡയപ്പർ നൽകുന്നത് സംബന്ധിച്ച്.

ശ്രീ അഷിൻ, അഷിൻ വില്ല, കണ്ണാടിപറമ്പ എന്ന വ്യക്തിയുടെ സഹോദരി സെറിബ്രൽ പാൾസി ബാധിച്ച ഭിന്നശേഷിക്കാരിയാണ്. ഈ കുട്ടിക്ക് സ്കൂളിൽ പോകുമ്പോഴും മറ്റും ഉപയോഗിക്കുന്നതിന് ഡയപ്പർ വാങ്ങി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- പ്രത്യേക അനുമതി നൽകുന്നു. സ്പെസിഫിക്കേഷൻ അടക്കമുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ ശുപാർശ വാങ്ങണമെന്നും വാങ്ങൽ നടപടിക്രമങ്ങൾക്ക് നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും നിർദ്ദേശിക്കുന്നു. ഒപ്പം ഡയപ്പർ അടക്കമുള്ളവ സംസ്കരിക്കുന്നതിന് സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള ഇൻസിനറേറ്റർ ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.7 മുഹമ്മ ഗ്രാമപഞ്ചായത്ത്**

ബഹു.മന്ത്രി ആലപ്പുഴ ജില്ലയിൽ 22.08.2024 ന നടത്തിയ അദാലത്തിൽ മുഹമ്മ ഗ്രാമപഞ്ചായത്ത് ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ നൽകിയ കത്തും പ്രിൻസിപ്പൽ ഡയറക്ടറുടെ 23.09.2024-ലെ LSGD/PD/33308/2024 – DPC A-1 നമ്പർ കത്തും (SRG/788/24) (തദ്ദേശ അദാലത്ത്)

വിഷയം:– വൃക്കരോഗികൾക്ക് ഡയാലിസിസിനു നൽകുന്ന ധനസഹായം രോഗികളുടെ യാത്രാ ചെലവിനു നൽകാൻ അനുമതി സംബന്ധിച്ച്

മാർഗ്ഗരേഖ പ്രകാരം വൃക്കരോഗികൾക്ക് ഡയാലിസിസിന് പ്രതിമാസം 4000 രൂപ നൽകുന്നതിന് അനുമതിയുണ്ട്. ഈ തുക രോഗികളുടെ യാത്രാ ചെലവിന് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:– വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന വിഷയം ബന്ധപ്പെട്ട എല്ലാവരുമായും ചർച്ച ചെയ്ത് (ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രോഗികൾ തുടങ്ങിയവർ) റിപ്പോർട്ട് സർക്കാരിന് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ ഇതടക്കമുള്ള ആവശ്യത്തിന്മേൽ പിന്നീട് തീരുമാനമെടുക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.8 കോഴിക്കോട് കോർപ്പറേഷൻ**

ബഹു.മന്ത്രി കോഴിക്കോട് കോർപ്പറേഷനിൽ നടത്തിയ തദ്ദേശ അദാലത്തിൽ കോഴിക്കോട് കോർപ്പറേഷൻ നികുതി അപ്പീൽ സ്ഥിരം സമിതി ചെയർമാൻ നൽകിയ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.09.2024-ലെ LSGD/PD/32779/2024– ◌ാ◌ം നമ്പർ കത്തും. (SRG/856/24 ) (തദ്ദേശ അദാലത്ത്)

വിഷയം:– കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർമാർക്ക് ടാബ് വാങ്ങി നൽകുന്നത് സംബന്ധിച്ച്

കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റേയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പരിഗണനയക്ക് വരുന്ന അജണ്ടകൾ കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ ഓൺലൈനായാണ് കൗൺസിലർമാർക്ക് നൽകുന്നത്. ഇതോടൊപ്പം പ്രിന്റഡ് കോപ്പിയും നൽകും. സ്മാർട്ട് ഫോൺ ഉപയോഗിച്ചാണ് ഓൺ ലൈൻ അജണ്ടകൾ അംഗങ്ങൾ വായിക്കുന്നത്. ഇതിനു പകരം അജണ്ടകൾ വായിക്കുന്നതിന് അംഗങ്ങൾക്ക് ടാബ് വാങ്ങി നൽകണമെന്നതു സംബന്ധിച്ച് ഇതുവഴി പ്രിന്റിംഗ് ചെലവ് കുറയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഒരു ടാബിന് 13,000 രൂപ ചെലവിൽ 75 അംഗങ്ങൾക്ക് ടാബ് വാങ്ങി നൽകാനാണ് ഉദ്ദേശിക്കുന്നത്.

തീരുമാനം:– ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റേയും തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെയും സമാന വിഷയത്തിൽ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമെടുത്തതു പോലെ മുൻകൂറായി ടാബ് വാങ്ങി നൽകി ഓരോ മാസവും ഓണറേറിയത്തിൽ നിന്ന് ഗഡുക്കളായി ടാബിന്റെ വില തിരികെ പിടിച്ച് കൗൺസിലർമാർക്ക് സ്വന്തമായി ടാബ് നൽകുന്ന രീതിയിൽ നടപ്പാക്കാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ് |

**4.9 ഭവന രഹിതരായ അതിദരിദ്രകുടുംബങ്ങൾക്ക് വീടിനു വാടക**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2024-ലെ LSGD/PD/6484/2024 – EPEP1 നമ്പർ കത്തും IA1/137/24/LSGD നമ്പർ സർക്കാർ ഫയലും 06.09.2024-ലെ 1636/2024/LSGD നമ്പർ സർക്കാർ ഉത്തരവും (SRG/ 753/24, IA1/137/24/തസ്വഭവ) (തദ്ദേശ അദാലത്ത്)

വിഷയം:- ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് വീടിനു വാടക നൽകുന്നത് സംബന്ധിച്ച്.

അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ചിലർ ഭവനരഹിതരാണ്. ഇത്തരം കുടുംബങ്ങളുടെ മൈക്രോ പ്ലാൻ പ്രകാരം വീടു നൽകുന്നതുവരെ അവർക്ക് താമസ സൗകര്യം ഒരുക്കുന്നതിന് വീടുകൾ/കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് ധനസഹായം നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ തയ്യാറാക്കിയ മൈക്രോ പ്ലാനിൽ ഉൾപ്പെട്ട ഭവനരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാകുന്നതുവരെ താമസ സൗകര്യം ഒരുക്കുന്നതിനായി വീടുകൾ /കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് താഴെപ്പറയുന്ന നിരക്കിൽ വാടക നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ പരമാവധി 5000 രൂപയും മുനിസിപ്പാലിറ്റികളിൽ പരമാവധി 7000 രൂപയും കോർപ്പറേഷനുകളിൽ പരമാവധി 8000 രൂപയും വീട് വാടകയിനത്തിൽ നൽകാൻ 06.09.2024-ലെ 1636/2024/LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനുള്ള വിഹിതം പദ്ധതി വിഹിതം, തനത് ഫണ്ട്, സ്പോൺസർഷിപ്പ് മുഖേന കണ്ടെത്തണമെന്നാണ് നിർദ്ദേശം. ഇതിന് സാധൂകരണം നൽകുന്നത് സംബന്ധിച്ച്.

തീരുമാനം:- സാധൂകരണം നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**4.10 ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്**

ബഹു. മന്ത്രി 23.08.2024-ന്ന കൊല്ലം ജില്ലയിൽ നടത്തിയ ജില്ലാതല അദാലത്ത് ഫയൽ നം IVO-1-91/24 (SRG/807/24) (തദ്ദേശ അദാലത്ത് )

വിഷയം:- ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന ശൂരനാട് മഹിളാ വ്യവസായ സഹകരണസംഘം നടത്തിയ അറ്റകുറ്റപ്പണിയുടെ ചെലവ് നൽകുന്നത് സംബന്ധിച്ച്

ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശൂരനാട് ഗ്രാമപഞ്ചായത്ത് പരിധിയിലെ 2/10-ാം നമ്പർ കെട്ടിടം ശൂരനാട് മഹിളാ വ്യവസായ സഹകരണസംഘത്തിന് വാടകയ്ക്ക് നൽകിയിട്ടുണ്ട്. ചക്കുവള്ളി-കരുനാഗപ്പള്ളി പിഡബ്ല്യൂ.ഡി റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് റോഡിലേയ്ക്ക് ഇറങ്ങി നിന്നിരുന്ന ഭാഗങ്ങൾ മുകളിൽ പറഞ്ഞ സഹകരണസംഘം പൊളിച്ചുമാറ്റി. പിന്നീട് ഈ കെട്ടിടത്തിന് മറ്റു പുനർ നിർമ്മാണവും സംഘം തന്നെ നടത്തി. പുറമ്പോക്കിലുള്ള ഭാഗം പൊളിച്ചു മാറ്റുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 12.10.2022-ലെ 7(1)-ാം നമ്പറായി തീരുമാനമെടുത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഇതിനുള്ള ചെലവ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകുന്നതിന് തീരുമാനിച്ചിരുന്നു. കെട്ടിടഭാഗങ്ങൾ പൊളിച്ചു മാറ്റിയതിന് 46,050 രൂപയും പുനർ നിർമ്മാണത്തിന് 1,18,500 രൂപയും (അകെ 1,64,550 രൂപ) മുകളിൽ പറഞ്ഞ സംഘത്തിന് ചെലവായിട്ടുണ്ട്.ഈ തുക ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം:- ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാല്യുവഷന്റെ അടിസ്ഥാനത്തിൽ അർഹമായ വിഹിതം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നൽകുന്നതിന് അനുമതി നൽകുന്നു. ഇതിന്റെ വാല്യുവേഷൻ എടുക്കാൻ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.11 പുത്തിഗെ ഗ്രാമപഞ്ചായത്ത്**

ബഹു.മന്ത്രി 03.09.2024-ന് കാസർഗോഡ് ജില്ലയിൽ നടത്തിയ തദ്ദേശ അദാലത്തിൽ പുത്തിഗെ ഗ്രാമപഞ്ചായത്ത് ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ നൽകിയ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.09.2024-ലെ LSGD/PD/32657/24/DPLA3 നമ്പർ കത്തും (SRG/851/24) (തദ്ദേശ അദാലത്ത്)

വിഷയം:- നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തികളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് അനുമതി സംബന്ധിച്ച്

പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ ബസ് കാത്തിരിപ്പ കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആവശ്യപ്പെട്ടിരിക്കുന്നു. മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ മെയിന്റനൻസിനാണ് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നത്. എന്നാൽ കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണിയടക്കമുള്ള പ്രവൃത്തികൾ ചെയ്തതിനുശേഷം മിച്ചമുള്ള തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ആസ്തികളുടെ അറ്റകുറ്റപ്പണിക്കും മറ്റും ഉപയോഗിക്കാൻ കഴിയുംവിധം മാർഗ്ഗരേഖയിൽ മാറ്റം കൊണ്ടുവരണമെന്ന നിർദ്ദേശം അദാലത്തിൽ ഉണ്ടായി. ഇതിന്മേലുള്ള തീരുമാനം സംബന്ധിച്ച്

തീരുമാനം:- ഈ ആവശ്യം കോഓർഡിനേഷൻ കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന നിരീക്ഷണം നടത്തുകയും ചെയ്തു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ വിവിധ സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥരെയും അതത് തലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരുന്നു. ഇപ്രകാരം കൈമാറിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് മുമ്പ് അതതു വകുപ്പുകളാണ് നടത്തിയിരുന്നത്. അതിനായി വകുപ്പുകൾക്ക് പ്രത്യേക വിഹിതവും നൽകിയിരുന്നു. എന്നാൽ സ്ഥാപനങ്ങൾ കൈമാറിയപ്പോൾ വകുപ്പുകൾക്ക് നൽകികൊണ്ടിരുന്ന വിഹിതം ഇത്തരം സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. മെയിന്റനൻസ് ഗ്രാന്റ് (റോഡ് & നോൺ റോഡ്) നൽകുന്നത് സംബന്ധിച്ചും ഉപയോഗക്രമം സംബന്ധിച്ചും സർക്കാർ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ കൂടി അടിസ്ഥാനത്തിൽ 09.04.2023-ലെ 90/2023/തസ്വഭവ ഉത്തരവ് പ്രകാരം മെയിന്റനൻസ് ഗ്രാന്റിന്റെ ഉപയോഗം സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ആസ്തികളുടെ മെയിന്റനൻസിന് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം നിരസിച്ചു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ അനുവദനീയമായ മറ്റു വിഹിതം ഉപയോഗിച്ച് ബസ് കാത്തിരിപ്പ കേന്ദ്രത്തിന്റെ അറ്റകുറ്റപ്പണി നടത്താവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം/ഡി.ബി) വകുപ്പ് |

**4.12 മുളക്കുഴ ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.08.2024-ലെ കത്തും മുളക്കുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2024-ലെ 1(1) -ാം നമ്പർ തീരുമാനവും മുളക്കുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 400428/DPDC02/general/2024/6106 (1) -ാം നമ്പർ കത്തും (SRG/ 894/24 - CC /503/24, SRG/ 890/24) (തദ്ദേശ അദാലത്ത്)

വിഷയം:- വീട് മെയിൻ്റനൻസിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം: 232/25 | അടങ്കൽ | 15,00,000 രൂപ |
| | | തനത് ഫണ്ട് |
| പേര് | പൂതംകുന്ന് കോളനി സമഗ്ര വികസനം - വീട് മെയിൻ്റനൻസ് | |

മുളക്കുഴ ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ പൂതംകുന്ന് നഗറിൽ സമഗ്ര വികസനത്തിന് വിവിധ പ്രോജക്ടുകൾ എടുത്തിട്ടുണ്ട്. ഇതിൻ്റെ ഭാഗമായി നഗറിലെ പൊതു വിഭാഗത്തിൽപ്പെട്ട 10 കുടുംബങ്ങൾക്ക് വീട് മെയിൻ്റനൻസിന് 1.50 ലക്ഷം രൂപ വീതം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- മാർഗ്ഗരേഖ പ്രകാരം വീട് വാസയോഗ്യമാക്കുന്നതിന് പൊതുവിഭാഗത്തിന് 1.00 ലക്ഷം രൂപയാണ് നൽകാവുന്നത്. ഈ പ്രോജക്ട് പൊതു വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി ആയതിനാൽ 1.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകാവുന്നതാണെന്നറിയിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.13 കുമളി ഗ്രാമപഞ്ചായത്ത്

സർക്കാരിൻ്റെ 28.09.2024- ലെ da1/360/2024-ാം നമ്പർ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.09.2024-ലെ LSGD/PD/32426/2024 - DPLA1 നമ്പർ കത്തും കുമളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻ്റ് 30.08.2024-ൽ കുമളി ജില്ലയിൽ നടന്ന തദ്ദേശ അദാലത്തിൽ നൽകിയ കത്തും (SRG/ 889/24) (തദ്ദേശ അദാലത്ത്)

വിഷയം:- കാർഷിക ഉപകരണങ്ങൾ കർഷക ഗ്രൂപ്പുകൾക്ക് നൽകുന്നതുപോലെ വ്യക്തികൾക്കും ലഭ്യമാക്കണമെന്നതു സംബന്ധിച്ച്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം കാർഷിക ഉപകരണങ്ങൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമോ സഹകരണ നിയമപ്രകാരമോ രജിസ്റ്റർ ചെയ്ത കർഷക/കർഷക തൊഴിലാളിസംഘം/ സമിതി തുടങ്ങിയവയ്ക്കാണ് നൽകാവുന്നത്. മാർഗ്ഗരേഖ ഖണ്ഡിക 6.1.11 -ൽ പ്രതിപാദിക്കുന്ന കുറ്റിപമ്പ്, പവർസ്പ്രേയർ, കളനീക്കൽ ഉപകരണം, കാട് വെട്ട് യന്ത്രം, മെതിയന്ത്രം,ട്രാക്ടർ, മിനി ട്രാക്ടർ, നടീൽ യന്ത്രം, കൊയ്ത്ത് യന്ത്രം, വിന്നോവർ, വിവിധതരം സ്പ്രേയറുകൾ, തെങ്ങുകയറ്റ യന്ത്രം, വിവിധതരം ഡ്രയറുകൾ, ധാന്യം പൊടിക്കുന്ന യന്ത്രങ്ങൾ, തേങ്ങ/അടക്ക പൊളിക്കുന്ന യന്ത്രം, അലുമിനിയം ഏണികൾ, പ്രൂണറുകൾ, റൗണ്ട് ബയലറുകൾ, പുല്ല് ചെറു കഷണങ്ങളാകുന്ന യന്ത്രങ്ങൾ, ബണ്ട് എടുക്കുന്ന യന്ത്രം, തെങ്ങിൽ തടം തുറക്കുന്ന യന്ത്രം, കുഴിയെടുപ്പ യന്ത്രം തുടങ്ങിയവയാണ് നൽകാവുന്നത്. ഇവ ഗ്രൂപ്പുകൾ/സമിതികൾക്ക് നൽകുന്നതോടൊപ്പം വ്യക്തികൾക്കും നൽകാൻ അനുമതി നൽകിക്കൊണ്ട് മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കണമെന്നതു സംബന്ധിച്ച്.

തീരുമാനം:- ആവശ്യം നിരസിച്ചു. എന്നാൽ ചെലവു കുറഞ്ഞ യന്ത്രങ്ങൾ/ഉപകരണങ്ങൾ Submission on Agricultural Mechanisation (SMAM) പദ്ധതിയിൽ 50 ശതമാനം സബ്സിഡിയോടെ ലഭ്യമാണ്. അതിനാൽ SMAM പദ്ധതിയിൽ ചെലവു കുറഞ്ഞ ഉപകരണങ്ങൾ ലഭ്യമാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. SMAM ൽ നിന്ന് ഉപകരണം ലഭിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ സമയ കൃഷിക്കാർക്കും ഒറ്റത്തവണത്തേയ്ക്ക് ചെലവുകുറഞ്ഞ കാർഷിക ഉപകരണങ്ങൾ നൽകാവുന്ന താണ്.പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 75 ശതമാനം സബ്സിഡിയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 100 ശതമാനം സബ്സിഡിയും നൽകാവുന്നതാണ്. യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.14 തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസ്

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.07.2024, 07.09.2024 എന്നീ തീയതികളിലെ 1925/2023-24/DPC/DPO/തിരു. നമ്പർ കത്ത് (SRG/ 920/24)

വിഷയം:- നഗരസഭകളിലെ ഭവന നിർമ്മാണ പ്രോജക്ടുകൾ വെറ്റ ചെയ്യുന്നത് സംബന്ധിച്ച്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.2018-ലെ തീരുമാന പ്രകാരമുള്ള 26.12.2018-ലെ DA1/881/2018/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റേയും ഭവന നിർമ്മാണ പ്രോജക്ടുകൾ കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ ആണ് വെറ്റ ചെയ്യേണ്ടത്. എന്നാൽ പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം [19.04.2022 -ലെ 86/2022/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 3.8.1 (2)] പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ വെറ്റ ചെയ്യേണ്ട പ്രോജക്ടുകളുടെ വിഭാഗത്തിൽ ഭവന നിർമ്മാണ പ്രോജക്ടുകളുട കാര്യം പ്രതിപാദിച്ചിട്ടില്ല. അതിനാൽ ഇതു സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോഓർഡിനേറ്ററുടെ ആവശ്യം സംബന്ധിച്ച്.

തീരുമാനം:-

1) PMAY അർബൻ ഭവന നിർമ്മാണ പദ്ധതി കുടുംബശ്രീ മുഖേനയാണ് നടപ്പാക്കുന്നതെന്നതിനാൽ 30.11.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള 26.12.2018-ലെ ഡി.എ1/881/2018/തസ്വഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റെയും ഭവന നിർമ്മാണ പ്രോജക്ടുകളുടെ വെറ്റിംഗ് ചുമതല കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ തന്നെ നിർവ്വഹിക്കണമെന്ന് സ്പഷ്ടീകരണം നൽകുന്നു.

2) 2018-ലെ സർക്കുലർ നിലനിൽക്കെ പുതിയ മാർഗ്ഗരേഖയിൽ ജില്ലാ മിഷൻ കോഓർഡിനേറ്റർ വെറ്റ ചെയ്യേണ്ട പ്രോജക്ടുകളുടെ ലിസ്റ്റിൽ ഭവന നിർമ്മാണ പ്രോജക്ട് പരാമർശിച്ചിട്ടില്ല എന്നതിനാൽ ഭവന നിർമ്മാണ പ്രോജക്ടുകൾ തിരുവനന്തപുരം ജില്ലാ മിഷൻ കോഓർഡിനേറ്റർ വെറ്റ ചെയ്യുന്നില്ല എന്ന് യോഗം നിരീക്ഷിച്ചു. ഇതിനു മുമ്പ് ചുമതലയുണ്ടായിരുന്ന ജില്ലാമിഷൻ കോഓർഡിനേറ്റർമാരും മറ്റ ജില്ലകളിലെ ജില്ലാ മിഷൻ കോഓർഡിനേറ്റർമാരും 2018-ലെ സർക്കുലർ അനുസരിച്ച് ജനകീയ പ്രോജക്ട് എന്ന നിലയിൽ തടസ്സം കൂടാതെ ഇതു വെറ്റ ചെയ്യുന്നുണ്ട്. തിരുവനന്തപുരം ജില്ലാ മിഷൻ കോഓർഡിനേറ്റർ ഇത്തരം സമീപനം സ്വീകരിച്ചത് വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. ഇതിന്മേൽ വിശദീകരണം ആരായാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.15 മേലുകാവ് ഗ്രാമപഞ്ചായത്ത്

കോട്ടയം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 21.02.2024-ലെ കത്തും മേലുകാവ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.01.2024-ലെ 8(1)-ാം നമ്പർ കത്തും (SRG/233/24 - CC/88/24)

വിഷയം:- മെഡിക്കൽ ടെസ്റ്റ് നടത്തിയതിന്റെ ബിൽ തുക ഡയഗ്നോസ്റ്റിക് സെന്ററിനു നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 168/23 | *അടങ്കൽ* | *1,00,000 രൂപ* |
| | | *വികസനഫണ്ട് ജനറൽ* |
| *പേര്* | *ക്യാൻ കോട്ടയം* | |

കോട്ടയം ജില്ലയിൽ നടപ്പാക്കുന്ന ക്യാൻ കോട്ടയം പദ്ധതിയുടെ ഭാഗമായ മേലുകാവ് ഗ്രാമപഞ്ചായത്ത് മെഡിക്കൽ ഓഫീസർ മാമോഗ്രാം ടെസ്റ്റ് പാലായിലെ കിസ്കോ ഡയഗ്നോസ്റ്റിക് സെന്ററിൽ നടത്തി. ഇതിന്റെ ബിൽ തുകയായ 24,000 രൂപയുടെ ബിൽ ഈരാറ്റുപേട്ട ട്രഷറി ഓഫീസിൽ നൽകി. ഇതിന്റെ ബിൽ ട്രഷറിയിൽ നിന്നു മാറിയെങ്കിലും ഡയഗ്നോസ്റ്റിക് സെന്ററിന് ലഭിച്ചില്ല. തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്ക് മാറ്റിയെന്ന് ട്രഷറി ഓഫീസ് അറിയിച്ചിട്ടുണ്ട്. ഈ തുക പുതിയ പ്രോജക്ടിൽ നിന്ന് (2023-24 ഇതിനായി പ്രോജക്ടുണ്ടായിരുന്നു) നൽകാൻ അനുമതി നൽകണമെന്നും സർക്കാരിലേയ്ക്ക് വരവു വച്ച തുക തിരികെ നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

തീരുമാനം:- (i) തദ്ദേശഭരണ സ്ഥാപനം ഗുണഭോക്താവിനു നൽകാനായി ട്രഷറിയിൽ സമർപ്പിച്ച ബിൽ തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് (Consolidated Account) പോയാൽ സർക്കാരിലേയ്ക്ക് വരവു വച്ച തുക ഗുണഭോക്താവിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് നൽകാവുന്നതാണ്. ഇതോടൊപ്പം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം സഹിതം സർക്കാരിലേയ്ക്ക് വരവുവച്ച് തുക തിരിക ലഭിക്കുന്നതിന് ആവശ്യപ്പെടേണ്ടതാണ്. ഇങ്ങനെ ധനവകുപ്പ് തിരികെ നൽകുന്ന തുക തദ്ദേശഭരണ സ്ഥാപനത്തിന്റെ LGTSB അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാവുന്നതുമാണ്. ഇതനുസരിച്ച് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് മുകളിൽ പറഞ്ഞ തുക നൽകാൻ നിർദ്ദേശിക്കുന്നു.

(ii) ഈ തുക അനുവദിച്ചു നൽകാൻ ധനവകുപ്പിന് കത്ത് നൽകാൻ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.16 അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 23.09.2024-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023, 06.03.2024 എന്നീ തീയതികളിലെ തീരുമാനങ്ങളും (SRG/786/24)

വിഷയം:- മൊബൈൽ മെഡിക്കൽ യൂണിറ്റിനുള്ള പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച്

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം മൊബൈൽ മെഡിക്കൽ യൂണിറ്റ് തുടങ്ങാൻ 21.00 ലക്ഷം രൂപയുടെ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിയുടെ 07.11.2022 നു കൂടിയ യോഗം അംഗീകാരം നൽകുകയും ചെയ്തു. 2023-24 വർഷം ഈ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നു. തീരപ്രദേശത്തെ മത്സ്യതൊഴിലാളി കുടുംബങ്ങൾക്കും പിന്നോക്കം നിൽക്കുന്ന മറ്റുള്ളവർക്കും രോഗ നിർണ്ണയം നടത്തി ആരോഗ്യ സംരക്ഷണം ഉറപ്പാക്കുകയാണ് പ്രോജക്ടിന്റെ പ്രധാന ലക്ഷ്യം. മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനത്തിനായി അലോപ്പതി ഡോക്ടർ, നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവരിൽ ഒരാളെ വീതം നിയമിക്കാൻ ഉദ്ദേശിക്കുന്നു. ഇവരെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. കൊവിഡ് പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഈ അക്കൗണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ആവശ്യത്തിനായി ഉപയോഗിക്കാനും അനുമതി ആവശ്യപ്പെട്ടിരുന്നു.

മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ചെലവു സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നവയാണ്.

| **പ്രതീക്ഷിക്കുന്ന പ്രാരംഭ ചെലവ്** | | |
|---|---|---|
| **ക്രമ നം** | **ഇനം** | **തുക (രൂപ)** |
| 1 | വാഹനം (ചെയ്സ്) | 14,00,000 |
| 2 | മൊബൈൽ മെഡിക്കൽ യൂണിറ്റ് സൗകര്യമൊരുക്കൽ (വാഹനത്തിൽ) | 20,00,000 |
| 3 | ലാബ് ഉപകരണങ്ങൾ ഒരുക്കൽ | 10,00,000 |

| | | |
|---|---|---|
| 4 | ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, ഡ്രൈവർ തുടങ്ങിയ ജീവനക്കാരുടെ വേതനം | 12,00,000 |
| 5 | ലാബ് റീ ഏജന്റ് | 1,00,000 |
| 6 | മരുന്നുകൾ | 2,00,000 |
| 7 | മറ്റുള്ളവ | 1,00,000 |
| | **ആകെ** | **60,00,000** |

| **പ്രതിവർഷം പ്രതീക്ഷിക്കുന്ന ആവർത്തന ചെലവ്** | | |
|---|---|---|
| **ക്രമനം** | **ഇനം** | **തുക (രൂപ)** |
| 1 | 1 ഡോക്ടർ – വേതനം | 7,20,000 |
| 2 | 1 നേഴ്സ് – വേതനം | 2,40,000 |
| 3 | 1 ഫാർമസിസ്റ്റ് – വേതനം | 2,40,000 |
| 4 | 1 ലാബ് ടെക്നീഷ്യൻ – വേതനം | 2,40,000 |
| 5 | 1 ഡ്രൈവർ കം ഹെൽപ്പർ – വേതനം | 2,40,000 |
| 6 | ലാബ് റീ ഏജന്റ് | 1,50,000 |
| 7 | മരുന്നുകൾ | 5,00,000 |
| 8 | ഇന്ധനം, മറ്റുള്ളവ | 1,70,000 |
| | ആകെ | 25,00,000 |

ഇതു കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ലെ യോഗം പരിഗണിക്കുകയും താഴെ പറയുന്ന തീരുമാനമെടുക്കുകയും ചെയ്തു.

**1)** 'ബ്ലോക്ക് പ്രദേശത്തുള്ള CHC, PHC മുഖേന നിലവിലെ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും ഉപയോഗിച്ച് പരിശോധന നടത്താവുന്നതാണ്. കൂടാതെ ആരോഗ്യ വകുപ്പ് എല്ലാ സി.എച്ച്.സി, എഫ്.എച്ച്.സി, പി.എച്ച്.സികളിലും Non Communicable Disease (NCD) കണ്ടെത്തുന്നതിന് പ്രത്യേക പ്രോഗ്രാം നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്ന പ്രോജക്ട് നടപ്പാക്കേണ്ടതില്ല' എന്നു യോഗം തീരുമാനിച്ചു.

**2)** 'ഇതിനകം ആംബുലൻസ് വാങ്ങിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. വാങ്ങിയ വാഹനം ആംബുലൻസ് ആക്കി ആവർത്തന ചെലവ് സ്വയം കണ്ടെത്തുന്ന രീതിയിൽ CHCയുടെ HMC യെ ഏല്പിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു. ആവർത്തന ചെലവ് സംബന്ധിച്ച് 15.06.2023 ലെ പൊതു തീരുമാനം ഖണ്ഡിക 10 ലെ നിർദ്ദേശം പാലിക്കണം'.

ആംബുലൻസായി പ്രവർത്തിക്കണമെന്ന കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം പുനഃപരിശോധിക്കണമെന്ന് അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 15.07.2023–ൽ ആവശ്യപ്പെട്ടപ്രകാരം ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023–ൽ പരിഗണിച്ച്

മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ആവശ്യകത സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ 06.03.2024–നു താഴെപ്പറയും പ്രകാരം റിപ്പോർട്ട് നൽകി.

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ മൂന്ന് സി.എച്ച്.സികൾ ഉണ്ട്. ഇതിൽ പൂല്ലുവിള CHCക്ക് കീഴിലാണ് മുകളിൽ പറഞ്ഞ പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പൂല്ലുവിള CHCക്ക് കീഴിൽ നാല് PHC/FHC കളിലും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. അതത് പഞ്ചായത്തുകളിലെ ആശുപത്രികളിലേയ്ക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങൾ ഒന്നും തന്നെ CHCയുടെ കീഴിൽ ഇല്ല. മുകളിൽ പറഞ്ഞ പ്രോജക്ടിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടിന്റെ അപ്രായോഗികത ബ്ലോക്ക് പഞ്ചായത്തിനെ മെഡിക്കൽ ഓഫീസർ അറിയിച്ചിരുന്നതാണ്.

മൊബൈൽ മെഡിക്കൽ യൂണിറ്റിനായി വാങ്ങിയ വാഹനം ബ്ലോക്ക് പഞ്ചായത്ത് CHC ക്ക് ആംബുലൻസായി ഉപയോഗിക്കാൻ 15.06.2023–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ അവിടെ HMC ആംബുലൻസും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി കരകുളം ഗ്രാമ പഞ്ചായത്ത് വിട്ടു നൽകിയ ആംബുലൻസും നിലവിൽ ഉണ്ട് എന്നും അവയുടെ പരിപാലനത്തിനു തന്നെ HMC ഫണ്ട് കുറവാണെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. തന്നെയുമല്ല ഈ വാഹനം ആംബുലൻസായി ഉപയോഗിക്കുന്നതിന്

അനുയോജ്യമല്ല എന്നും ആരോഗ്യവകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. നിലവിലെ സാഹചര്യത്തിൽ CHC ക്ക് ആംബുലൻസ് എന്ന നിലയിൽ മുകളിൽ പറഞ്ഞ വാഹനം പ്രായോഗികമല്ല.

ഇതിന്റെ അടിസ്ഥാനത്തിൽ 06.03.2024-ല കോഓർഡിനേഷൻ കമ്മിറ്റി താഴെപ്പറയുന്ന തീരുമാനമെടുത്തു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം മൊബൈൽ മെഡിക്കൽ യൂണിറ്റ് നടപ്പാക്കേണ്ടതില്ല എന്ന കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023-ലെ യോഗ തീരുമാനം പുനഃപരിശോധിക്കേണ്ടതില്ല എന്നു തീരുമാനിച്ചു

ഇപ്പോൾ വാങ്ങിയിരിക്കുന്ന വാഹനം ആരോഗ്യമേഖലയിൽ തന്നെ ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടി ബ്ലോക്ക് പഞ്ചായത്തും മെഡിക്കൽ ഓഫീസറും സ്വീകരിക്കണം. ഇതിന്മേൽ കാലതാമസം കൂടാതെ ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകണം.

ഈ തീരുമാനം പുനഃപരിശോധിച്ച് മൊബൈൽ മെഡിക്കൽ യൂണിറ്റിലേയ്ക്കായി ഡോക്ടർ, നേഴ്സ്, ഫാർമസിസ്റ്റ് എന്നിവരെ നിയമിച്ച് പഴയ ബാങ്ക് അക്കൗണ്ട് ഉപയോഗിച്ച് മൊബൈൽ യൂണിറ്റ് ആരംഭിക്കാൻ വീണ്ടും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് മാത്രമായി മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ആവശ്യമില്ലെന്ന് നേരത്തെ തന്നെ അറിയിച്ചിരുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ യോഗത്തിൽ പറഞ്ഞു. അതിനാൽ ആരോഗ്യവകുപ്പ് ഡയറക്ടർ കൂടി അഭിപ്രായപ്പെട്ടതനുസരിച്ച് ഇതിനായി വാങ്ങിയ വാഹനം ജില്ലാ പഞ്ചായത്തിനു കൈമാറി പട്ടികജാതി/പട്ടികവർഗ്ഗ നഗറുകളിലും മത്സ്യമേഖലകളിലും മറ്റ് വിദൂര മേഖലയിലും ആവശ്യമനുസരിച്ച് ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണിച്ചില്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

### 4.17 <u>അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി</u>

സർക്കാരിന്റെ 23.05.2024-ലെ DA1/48/2024/തസ്വഭവ നമ്പർ കത്തും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.04.2024-ലെ LSGD/PD/63463/23/EPEP1 -ാം നമ്പർ കത്തും (SRG/566/24 – DA1/48/2024/തസ്വഭവ)

വിഷയം:- അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നടത്തിപ്പിൽ പ്രത്യേക പരിഗണന നൽകുന്നത് സംബന്ധിച്ച്

താഴെപ്പറയുന്ന കാര്യങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നു.

**(i)** അതിദരിദ്ര കുടുംബത്തിലെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾക്ക് 100 ശതമാനം സബ്സിഡി നൽകണമെന്നും ഇതേ രീതിയിൽ മറ്റുവകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതിക്കും ബാധകമാക്കണമെന്ന ആവശ്യം സംബന്ധിച്ച്

തീരുമാനം:- കോഓർഡിനേഷൻ കമ്മിറ്റിയുടെ14/02/2023 (ഖണ്ഡിക 3.1) ലെ തീരുമാനപ്രകാരം അതിദ്രരിദ്ര കുടുംബത്തിലെ പട്ടികയിൽ ഉൾപ്പെട്ട കുടുംബത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന എല്ലാ ആനുകൂല്യവും 100 ശതമാനം സബ്സിഡിയോടെയാണ് നൽകുന്നത്. മറ്റ് വകുപ്പുകൾക്ക് കൂടി ഇത് ബാധകമാക്കണമെന്ന ആവശ്യം സംബന്ധിച്ച് തുടർ നടപടിക്കായി ചീഫ് സെക്രട്ടറിക്ക് ഫയലായി നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

(ii) അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട വീടും സ്ഥലവും ആവശ്യമുള്ള ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് സ്ഥലം വാങ്ങുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന അതേ തുക ജനറൽ വിഭാഗക്കാർക്കും കൂടി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- ഇതിന്മേൽ പിന്നീട് തീരുമാനമെടുക്കുന്നതാണ്.

(iii) അതിദരിദ്ര കുടുംബത്തിലുൾപ്പെട്ട വീട് മെയിന്റനൻസ് ആവശ്യമുള്ള ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികജാതി - പട്ടിക വർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന 'സേഫ്' പദ്ധതിയുടെ മാതൃകയിൽ പരമാവധി 2.00 ലക്ഷം രൂപ വരെ അനുവദിക്കുന്നതിനായി 10.09.2024-ലെ 1677/2024/തസ്വഭവ നമ്പർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിന് സാധൂകരണം സംബന്ധിച്ച്

തീരുമാനം:- സാധൂകരണം നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**4.18 ദേലംപാടി ഗ്രാമപഞ്ചായത്ത്**

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2023-ലെ കത്തും ദേലംപാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.07.2023-ലെ 11.11.2023 (1) -ാം നമ്പർ തീരുമാനവും (SRG/1170/23 - CC- 518/2023)

വിഷയം:- ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ബഡ്സ് സ്കൂളിൽ പോകാൻ വാഹനം വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച്

ദേലംപാടി ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ഇല്ല. ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 18 കുട്ടികൾ തൊട്ടടുത്തുള്ള കാറഡുക്ക ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിലാണ് പോകുന്നത്. 50 കിലോമീറ്റർ അകലെയുള്ള ഈ സ്കൂളിലേയ്ക്ക് പോകുന്നതിന് വാഹനം വാടകയ്ക്കെടുക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023-ലെ യോഗം അനുമതി നൽകിയിരുന്നു. 18 കുട്ടികൾ ഉള്ളതിനാൽ വലിയ വാഹനം വാടകയ്ക്കെടുക്കണം. സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം ഓഫീസ് വാഹനത്തിന് പ്രതിമാസം 2000 കിലോമീറ്റർ ഓടാനും പരമാവധി 36,000 രൂപ വാടക നൽകാനുമാണ് അനുമതിയുള്ളത്. അതിനാൽ ഈ പരിധി നോക്കാതെ ക്വട്ടേഷൻ വിളിച്ച് വാഹനം വാടകയ്ക്കെടുക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- ഓഫീസ് വാഹനത്തിനാണ് മുകളിൽ പറഞ്ഞ നിരക്ക് ബാധകമെന്ന് വ്യക്തത വരുത്തുന്നു. ബഡ്സ് സ്കൂളിന്റെ ആവശ്യത്തിന് ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്കെടുക്കാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**4.19 കാസർഗോഡ് ജില്ലാ പഞ്ചായത്ത്**

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.09.2024-ലെ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 23.11.2023-ലെ 58(1)-ാം നമ്പർ തീരുമാനവും കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.09.2024-ലെ B4-2158/23 -ാം നമ്പർ കത്തും (SRG/840/24 - CC/534/24)

വിഷയം:- മാനസിക വെല്ലുവിളി നേരിടുന്നവർക്കായി മാറ്റി വച്ച തുകയിൽ നിന്ന് ഭിന്നശേഷി ക്യാമ്പും ഉപകരണങ്ങളും നൽകുവാൻ ഉപയോഗിക്കുന്നതു സംബന്ധിച്ച്

കാർഗോഡ് ജില്ലാ പഞ്ചായത്ത് 2017-18 വർഷം മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള ജില്ലാതല കർമ്മ പദ്ധതിക്ക് പ്രോജക്ട് ഏറ്റെടുത്തിരുന്നു. (പ്രോ.നം. 19/18). ജില്ലാ പഞ്ചായത്ത് വിഹിതം 40,00,000 രൂപ, മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം 1,15,37,079 രൂപ, ബാങ്കിൽ ലഭ്യമായ പലിശ 68,38,628 രൂപ എന്നീ രീതിയിലാണ് പ്രോജക്ടിന് വിഹിതം വകയിരുത്തിയിരുന്നത്. ആകെ 2,23,75,707 രൂപ. മുൻകാലങ്ങളിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ചിരുന്ന തുക ബാങ്കിൽ സൂക്ഷിച്ചതിന്റെ പലിശയാണ് മുകളിൽ പറഞ്ഞ പലിശ വിഹിതം. 2017-18 മുതൽ ഓരോ വർഷവും ഈ ആവശ്യത്തിനായി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിവരവും താഴെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നമ്പർ | അടങ്കൽ (രൂപയിൽ | ചെലവ് (രൂപയിൽ) | ശേഷിക്കുന്ന തുക (രൂപയിൽ) |
|---|---|---|---|---|
| 2017-18 | 19/18 | 2,23,75,707 | 1,08,18,320 | 1,15,57,387 |
| 2018-19 | 574/19 | 3,30,30,887 | 67, 21,049 | 2,63,09,838 |
| 2019-20 | 480/20 | 2,63,09,838 | 17,73,429 | 2,45,36,409 |
| 2020-21 | 356/21 | 2,45,36,409 | 29,58,261 | 2,15,78,148 |
| 2021-22 | 440/22 | 2,15,78,148 | 36,79,998 | 1,78,98,150 |
| 2022-23 | 316/23 | 1,78,98,150 | 69,33,500 | 1,09,64,650 |
| 2023-24 | 474/24 | 1,09,64,650 | 0 | 1,09,64,650 |
| 2024-25 | 628/25 | 1,09,64,650 | 0 | 1,09,64,650 |

മിച്ചമുള്ള 1,09,64,650 രൂപയിൽ നിന്ന് എൻഡോസൾഫാൻ ബാധിത ലിസ്റ്റിലുള്ളതും ലൈഫ് ഭവന പദ്ധതിയിൽ വീട് ലഭിച്ചിട്ടുള്ളതുമായ ഭിന്നിശേഷി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഒരു ലക്ഷം രൂപ വീതം നല്കാൻ 21.08.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി പ്രത്യേക അനുമതി നൽകിയിരുന്നു. എന്നാൽ ഇതിനായി ഇതുവരെ 40 പേർ മാത്രമാണ് അപേക്ഷകരായി വന്നത്. അതിനാൽ ബാക്കിയുള്ള തുക (69,64,650 രൂപ) ഉപയോഗിച്ച് ഭിന്നശേഷി വിഭാഗക്കാർക്ക് പ്രത്യേക പരിശോധനാ ക്യാമ്പ് നടത്തി ഉപകരണങ്ങൾ നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

തീരുമാനം:- **1)** ഈ വർഷത്തെ പ്രോജക്ടിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ജില്ലാതല കർമ്മ പദ്ധതി എന്നു മാത്രമെയുള്ളൂ. പക്ഷേ കത്തു പ്രകാരം ക്യാമ്പും ഉപകരണങ്ങളുമാണ് എന്നാണ് കാണിച്ചിരിക്കുന്നത്. കൂടാതെ ലഭ്യമായ തുക (69,64,650 രൂപ) യേക്കാൾ കൂടുതലാണ് അടങ്കൽ കാണിച്ചിരിക്കുന്നത്.

**2)** 2017-18 മുതൽ ലഭിച്ച തുക ബാങ്കിലാണിട്ടിരിക്കുന്നത് (കേരള ഗ്രാമീൺ ബാങ്ക്, വിദ്യാനഗർ ബ്രാഞ്ച്) ഓരോ വർഷവും ലഭിച്ച തുക ഏതൊക്കെ ആവശ്യത്തിനാണ് ഉപയോഗിച്ചത് എന്നതടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.20 പൊതുസ്ഥലങ്ങളിൽ ശുചിമുറി, MCF നിർമ്മാണം

സർക്കാരിന്റെ DA1/256/2024 - LSGD നമ്പർ ഫയലും ക്യാമ്പയിൻ സെക്രട്ടേറിയേറ്റിന്റെ 08.07.2024-ലെ കുറിപ്പും (SRG/ 752/24)

വിഷയം:- പൊതുസ്ഥലങ്ങളിൽ ശുചിമുറികളും MCFഉം സ്ഥാപിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കുന്നത് സംബന്ധിച്ച്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉള്ള സ്ഥാപനങ്ങളിൽ/ സ്ഥലങ്ങളിലാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതമുപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. സിവിൽ സ്റ്റേഷനുകൾ, കെ.എസ്.ആർ.ടി.സി, ടൂറിസം, തീർത്ഥാടനകേന്ദ്രം, എയ്ഡഡ് സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ശുചിമുറികൾ, MCF

എന്നിവ നിർമ്മിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടാത്ത പ്രവർത്തികൾ നടപ്പാക്കാൻ സർക്കാരിന്റെ പ്രത്യേക അനുമതി തേടാറുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടാത്തവയ്ക്കായി സർക്കാർ അനുമതി കൂടാതെ പ്രോജക്ട് നടപ്പാക്കി വിഹിതം ചെലവഴിക്കാവുന്നതല്ല എന്ന് കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25.06.2024-ൽ DA1/256/2024/തസ്വഭവ നമ്പർ ആയി സർക്കുലർ നൽകിയിട്ടുണ്ട്.

മാലിന്യ നിർമ്മാർജ്ജനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെട്ട വിഷയമായതിനാൽ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങൾ അല്ലാത്ത മറ്റ് സ്ഥാപനങ്ങളിലും നടപ്പാക്കാമെന്ന് 20.07.2024-ലെ DA1/256/2024/തസ്വഭവ നമ്പർ പ്രകാരം സർക്കുലർ നൽകിയിട്ടുണ്ട്. ഇപ്രകാരം നൽകിയ സർക്കുലറിന് സാധൂകരണം നൽകണമെന്നത് സംബന്ധിച്ച്

തീരുമാനം:- സാധൂകരണം നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.21 നീലംപേരൂർ ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.06.2024-ലെ കത്തും നീലംപേരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.06.2024-ലെ 22(1) -ാം നമ്പർ തീരുമാനവും (SRG/593/24 - CC/346/23)

വിഷയം:- മാലിന്യം ശേഖരിക്കുന്ന ഹരിത കർമ്മസേനയുടെ വാഹനത്തിന്റെ ഡ്രൈവർക്ക് വേതനം നൽകുന്നത് സംബന്ധിച്ച്

ഹരിതകർമ്മസേനയുടെ ഇലക്ട്രിക് വാഹനം ഹരിത കർമ്മസേന അംഗം ഓടിച്ചാൽ കൺസോർഷ്യത്തിൽ നിന്നും പുറത്തുള്ള ഡ്രൈവർ ഓടിച്ചാൽ തദ്ദേശഭരണ സ്ഥാപനം നൽകണമെന്നുമാണ് സർക്കാർ ഉത്തരവ് (25.08.2023-ലെ 1739/2023/തസ്വഭവ നമ്പർ ഉത്തരവ്). എന്നാൽ നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങളുടെ എണ്ണം കുറവായതിൽ മുഴുവൻ യൂസർ ഫീ കിട്ടിയാൽ പോലും ഹരിതകർമ്മ സേന അംഗങ്ങൾക്ക് 7000 രൂപ പ്രതിമാസ വേതനം ലഭിക്കാത്ത സാഹചര്യമുണ്ട്. അതിനാൽ ഹരിതകർമ്മസേനയുടെ വാഹനം ഹരിത കർമ്മ സേന അംഗം ഓടിച്ചാലും പുറത്ത് നിന്നുള്ള ഡ്രൈവർ ഓടിച്ചാലും സർക്കാർ അംഗീകൃത നിരക്കിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് വേതനം നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- ഹരിത കർമ്മസേനയ്ക്ക് വരുമാനം കുറവാണ് എന്നതിനാൽ ഡ്രൈവർക്കുള്ള വേതനം വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്നും നൽകാൻ നിർദ്ദേശിക്കുന്നു. ഒപ്പം സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ഹരിത കർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

### 4.22 Kerala State Coir Machinery Manufacturing Company Ltd

കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാന്റെ 12.06.2024 -ലെ കത്ത് (SRG/597/24)

വിഷയം:- കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി നിർമ്മിക്കുന്ന മെഷിനറികൾ വാങ്ങുന്നത് സംബന്ധിച്ച്

കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി (KSCMMC) കയർ സൊസൈറ്റികളിലെ സിവിൾ നിർമ്മാണ പ്രവർത്തനം, വിവിധ യന്ത്രസാമഗ്രികളുടെ

നിർമ്മാണവും സ്ഥാപിക്കലും, ഇവയുടെ മെയിന്റനൻസ്, ഇലക്ട്രിഫിക്കേഷൻ എന്നിവയടക്കം വിവിധ പ്രവൃത്തികൾ ചെയ്യുന്നുണ്ട്. വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കമ്പനി മാലിന്യ സംസ്കരണത്തിനാവശ്യമായ താഴെപ്പറയുന്ന വിവിധ മെഷീനുകൾ ഇപ്പോൾ നിർമ്മിച്ച് വിതരണം ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| 1 | Baling Machine | 5 | Sorting Conveyor |
| 2 | Shredding Machine | 6 | Metal Trolley |
| 3 | De duster Machine | 7 | Bottle Booth |
| 4 | Glass Bottle Crusher | 8 | Mini MCF |

ഈ മെഷീനുകൾക്കെല്ലാം ആവശ്യമായ മെയിന്റനൻസ്, ടെക്നീഷ്യൻ, തുടങ്ങിയവ കമ്പനി നൽകുന്നുണ്ട്. ഈ മെഷീനുകൾ ടെണ്ടർ നടപടി കൂടാതെ സർക്കാർ, പൊതുമേഖല, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങുവാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് മെഷീനുകളുടെ സ്പെസിഫിക്കേഷൻ നൽകിയിട്ടുണ്ട്.

**തീരുമാനം:-** ഈ ഉല്പന്നങ്ങളുടെ വില, ഗുണനിലവാരം എന്നിവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കുതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ 2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.23 <u>ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി</u>

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ്ചാൻസിലറുടെ 20.06.2024-ലെ LR-46/VCO/2024-ാം നമ്പർ കത്ത് (SRG/558/24)

വിഷയം:- ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നടത്തുന്ന പാഠ്യ പദ്ധതികളിൽ ചേരുന്ന പഠിതാക്കളെ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്പോൺസർ ചെയ്യണമെന്നതു സംബന്ധിച്ച്

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി കേരളത്തിൽ 23 പഠന കേന്ദ്രങ്ങളിലൂടെ 28 യു.ജി, പി.ജി പ്രോഗ്രാമുകൾ നടത്തി വരുന്നുണ്ട്. 2022-ൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായി 'അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണ നിർവ്വഹണവും' എന്ന 6 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുകയും ഇതിൽ 2000 പേർ പങ്കെടുക്കുകയും ചെയ്തു. വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് താഴെപ്പറയുന്ന പഠന പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

(i) കൊല്ലം ജില്ലയിൽ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് പഠന പദ്ധതി

(ii) കാസർഗോഡ് ജില്ലാ പഞ്ചായത്തിലെ സ്ത്രീകളെ നൈപുണ്യ വികസനത്തിലൂടെ തൊഴിലിലേയ്ക്കും ബിരുദത്തിലേയ്ക്കും നയിക്കുന്ന **'ദർപ്പണം പദ്ധതി'.**

(iii) കുറ്റ്യാടി ഗ്രാമപഞ്ചായത്തുമായി ചേർന്ന് കുറ്റ്യാടി മണ്ഡലത്തെ സമ്പൂർണ്ണ ബിരുദ മണ്ഡലമായി മാറ്റാനുള്ള ' സ്മാർട്ട് കുറ്റ്യാടി' പദ്ധതി

(iv) നവകേരള നിർമ്മിതിയിൽ ഒരു തുള്ളി - 60 വയസ്സ് പൂർത്തിയാക്കാത്ത ഉപരിപഠനത്തിനു യോഗ്യരായ എല്ലാവരെയും ബിരുദധാരികളാക്കാൻ ലക്ഷ്യം വെച്ചുകൊണ്ടുള്ള സമ്പൂർണ്ണ ബിരുദ സംസ്ഥാന പദ്ധതി.

ഇത്തരത്തിലുള്ള പഠന പ്രവർത്തനങ്ങൾ സർവ്വകലാശാലയുമായി ചേർന്ന് നടത്തുന്നതിന്റെ ഭാഗമായി തദ്ദേശഭരണ തലത്തിൽ പഠിതാക്കളെ സ്പോൺസർ ചെയ്യാൻ പദ്ധതി വിഹിതത്തിൽ നിന്ന് തുക മാറ്റി വയ്ക്കണമെന്നതു സംബന്ധിച്ച്.

തീരുമാനം:- ആവശ്യം പരിഗണിച്ചില്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.24 കാട്ടാക്കട നിയമസഭാ മണ്ഡലം

ബഹു. കാട്ടാക്കട എം.എൽ.എ.യുടെ 27.07.2024-ലെ കത്ത് (SRG/ 747/24)

വിഷയം:- 'എല്ലാവർക്കും ബിരുദം' എന്ന പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വിഹിതം നൽകണമെന്നതു സംബന്ധിച്ച്

കാട്ടാക്കട നിയമസഭാ മണ്ഡലത്തിൽ ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റി, ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് 'എല്ലാവർക്കും ബിരുദം' എന്ന പദ്ധതി നടന്നു വരുകയാണ്. ഈ പദ്ധതിക്ക് സഹായകരമാകുന്ന തരത്തിൽ നിയോജക മണ്ഡലത്തിലെ 6 ഗ്രാമപഞ്ചായത്തുകൾക്കും വികസനഫണ്ട്/തനത് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്. വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി ഫീസ് അടയ്ക്കുന്നതിനാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ആവശ്യപ്പെട്ടിരിക്കുന്നതെന്ന് ബഹു. എം.എൽ.എ അറിയിച്ചിട്ടുണ്ട്.

തീരുമാനം:- ആവശ്യം പരിഗണിച്ചില്ല.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.25 മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 12.06.2024-ലെ കത്ത് (SRG 536/24)

വിഷയം:- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച്

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പ്രോജക്ട് നിലവിലെ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് നൽകാവുന്നത്. ഇത് ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി ബ്ലോക്ക് പഞ്ചായത്തു മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം:- ഗ്രാമപഞ്ചായത്തു മുഖേന തന്നെ ഈ പ്രോജക്ട് നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

യോഗം ഉച്ചയ്ക്ക് 1.10 മണിക്ക് അവസാനിച്ചു

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് – പാർലമെന്ററികാര്യ വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. സെക്രട്ടറി, ധനകാര്യം – റിസോഴ്സ് വകുപ്പ് (പ്രതിനിധി)
5. പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് (പ്രതിനിധി)
6. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. റൂറൽഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. നഗരകാര്യ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
11. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
12. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
14. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
15. ഡയറക്ടർ പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
16. ഡയറക്ടർ ആരോഗ്യ വകുപ്പ് (പ്രതിനിധി)
17. ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി (പ്രതിനിധി)
18. ചീഫ് ടൗൺ പ്ലാനർ
19. ഡയറക്ടർ, MGNREGS
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (പ്രതിനിധി)
22. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഗ്രാമീണ ശുദ്ധജല വിതരണ –ശുചിത്വ– ഏജൻസി (പ്രതിനിധി)
23. സ്റ്റേറ്റ് മിഷൻ ഡയറക്ടർ നാഷണൽ ഹെൽത്ത് മിഷൻ (പ്രതിനിധി)
24. ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ, ANERT (പ്രതിനിധി)
25. ഡയറക്ടർ, മണ്ണ് പര്യവേഷണ – സംരക്ഷണവും (പ്രതിനിധി)